LAITY VOICE

2015 OCTOBER Volume: 6 No: 3

ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളജിൽ നടന്ന ദേശീയ കാർഷിക വിപണനശൃംഖല സെമിനാർ ഇൻഫാം ദേശീയ രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി. സെബാസ്റ്റ്യൻ, കാഞ്ഞിരപ്പള്ളി രൂപതാ വികാരിജനറാൾ റവ.ഡോ.മാത്യു പായിക്കാട്ട്, ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എസ്.ജയചന്ദ്രൻ, കേന്ദ്രസർക്കാരിന്റെ കീഴിലുള്ള കർഷകഉല്പാദക പ്രസ്ഥാനങ്ങളുടെ സ്കീം പ്രോജക്ട് കോർഡിനേറ്റർ ആർ.യുവസെന്തിൽകുമാർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ബോർഡ് മെമ്പർ ജെയിംസ് വടക്കൻ, തമിഴ്നാട് കർഷക ഉല്പാദക സംഘം കോർഡിനേറ്ററും അഗ്രി സിസ്റ്റം ഫൗണ്ടേഷൻ ചെയർമാനുമായ ഡോ.ഇ.വടിവേൽ എന്നിവർ സമീപം.

ആഗോളവിപണികൾ കണ്ടെത്തി മുന്നേറുവാൻ കേരളത്തിലെ കർഷകർക്കാകണം

മാർ മാത്യു അറയ്ക്കൽ

കാഞ്ഞിരപ്പള്ളി: ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ കാർഷികോല്പന്നങ്ങൾക്കും നാണ്യവിളകൾക്കും ആഗോളവിപണികൾ കണ്ടെത്തി മുന്നേറുവാൻ വരും നാളുകളിൽ കേരളത്തിലെ കർഷകർക്കാകണമെന്നും കാർഷികോല്പന്നങ്ങൾക്ക് ഇടനിലക്കാരില്ലാതെയുള്ള വിപണനശൃംഖലകൾ കർഷകകൂട്ടായ്മയിലൂടെയും സംരംഭങ്ങളിലൂടെയും ഭാരതത്തിലുടനീളം വ്യാപകമാക്കണമെന്നും ഇൻഫാം ദേശീയ രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ.

ഇൻഫാമിന്റെ നേതൃത്വത്തിൽ വിവിധ കർഷകപ്രസ്ഥാനങ്ങളുടെ പ്രതിനിധികൾക്കായി കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളജ് റിസർച്ച് സ്ക്വയറിൽ നടന്ന കാർഷികവിപണന ശൃംഖല സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ അറയ്ക്കൽ. കർഷകർ സംഘടിച്ച് കൂട്ടായ്മകൾ ശക്തിപ്പെടുത്തണം. ഉല്പന്നങ്ങളുടെ വിലയിടിയുമ്പോൾ നിരന്തരം വിലപിച്ചിട്ടുകാര്യമില്ല. തളരാതെ പുതിയ വിപണന സംവിധാനങ്ങൾ കണ്ടെത്തുകയാണ് വേണ്ടത്. കാർഷികോല്പന്നങ്ങളൊഴിച്ച് പൊതുവിപണിയിലെ ഏതൊരു ഉല്പന്നത്തിന്റെയും വിലനിശ്ചയിക്കുന്നത് ഉല്പാദകരാണ്. എന്നാൽ കാർഷികോല്പന്നങ്ങൾക്കും നാണ്യവിളകൾക്കും വിലയിടുന്നത് വ്യാപാരികളും ഇടനിലക്കാരുമാണ്. ഈ സ്ഥിതിവിശേഷം കർഷകച്ചൂഷണത്തിന് കളമൊരുക്കുന്നു. ഈ അവസ്ഥയ്ക്കു മാറ്റമുണ്ടാകണം. അത്തരമൊരു ചിന്തയിൽ നിന്നാണ് കർഷകഉല്പാദക കമ്പനികൾ കർഷകകൂട്ടായ്മകളിലൂടെ രൂപപ്പെട്ടുവരുന്നത്. ആഗോളവൽക്കരണത്തിന്റെ സാഹചര്യങ്ങളിൽ നിന്ന് കർഷകർക്ക് മാറിനിൽക്കാനാവില്ല. മാറിനിന്നാൽ ഒറ്റപ്പെട്ടുപോകും. ഉല്പാദനവർദ്ധനവിലൂടെയും പുത്തൻവിപണനശൃംഖലകളിലൂടെയും ആഗോളസാന്നിധ്യമാകുവാനാണ് കേരളത്തിലെ കർഷകസമൂഹം ശ്രമിക്കേണ്ടതെന്നും മാർ അറയ്ക്കൽ സൂചിപ്പിച്ചു.

ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ വിഷയാവതരണം നടത്തി. തമിഴ്നാട് കർഷക ഉല്പാദക സംഘം കോർഡിനേറ്ററും അഗ്രി സിസ്റ്റം ഫൗണ്ടേഷൻ ചെയർമാനുമായ ഡോ. ഇ.വടിവേൽ, ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എസ്.ജയചന്ദ്രൻ (ഈറോഡ്), കേന്ദ്രസർക്കാരിന്റെ കീഴിലുള്ള കർഷകഉല്പാദക പ്രസ്ഥാനങ്ങളുടെ സ്കീം പ്രോജക്ട് കോർഡിനേറ്റർ ആർ.യുവസെന്തിൽകുമാർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ബോർഡ് മെമ്പർ ജെയിംസ് വടക്കൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. റവ.ഡോ. മാത്യു പായിക്കാട്ട് മോഡറേറ്ററായിരുന്നു.

നമ്മുടെ നാടിന് ഇതെന്തുപറ്റി? മതജാതിഭ്രാന്തിന്റെ ഇന്നലകളിലേയ്ക്ക് നാം വീണ്ടും മടങ്ങിപ്പോകുകയാണോ? ഉച്ചനീചത്വങ്ങളും, ജാതിവൈരങ്ങളും, മനുഷ്യ അടിമത്വവും, ചേരിതിരിവും മൂലം വെട്ടിമുറിക്കപ്പെട്ട് വിറങ്ങലിച്ച മനസ്സുകളിൽ നന്മയുടെയും, സ്നേഹത്തിന്റെയും, സർവ്വോപരി മാറ്റത്തിന്റെയും നവചിന്തകൾ വാരിവിതറി പ്രതീക്ഷകളേകി സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കിയ ധീരനവോത്ഥാന നായകന്മാരെ നൊന്തുപ്രസവിച്ച ഈ മണ്ണിൽ അറിവിന്റെയും, ബുദ്ധിയുടെയും, സമ്പൽസമൃദ്ധിയുടേതുമായ ആധുനിക ലോകത്തിന്റെ വർദ്ധിച്ച വളർച്ചയിൽ പോലും പരസ്പരം പോർവിളികളും വർഗ്ഗീയ മതമൗലീകവാദങ്ങളുമായി വെട്ടിമരിക്കാൻ ജനങ്ങളെ തെരുവിലേയ്ക്കിറക്കുകയോ? മതത്തിന്റെയും വർഗ്ഗീയതയുടെയും രാഷ്ട്രീയത്തിന്റെയും പേരിൽ ദൈവത്തിന്റെ സ്വന്തം നാട്, നിർദോഷികളും നിരപരാധികളുമായ ജനസമൂഹത്തിന്റെ ജീവനെടുക്കുന്ന ഒരു യുദ്ധക്കളമായി മാറുവാൻ നാം ഒരിക്കലും അനുവദിച്ചുകൂടാ.

secularism X communalism

മതേതരത്വത്തിന് മരണമണിയോ?

മതേതരത്വം ഒരു വിദേശ ഇറക്കുമതിയാണെന്നും ഭാരതത്തിലിത് മനപ്പൂർവ്വം അടിച്ചേൽപ്പിക്കുകയായിരുന്നുവെന്നും ചില വർഗ്ഗീയ വാദികളും തീവ്രവാദപ്രസ്ഥാനങ്ങളും രാജ്യത്തുടനീളം നിരന്തം പുലമ്പുകയാണിന്ന്. ഇൻഡ്യയുടെ ഭരണഘടനയിൽ സെക്കുലറിസം തള്ളിക്കയറ്റിയത് ദേശീയവാദികളെ വർഗ്ഗീയവാദികളായും, വർഗീയ ചിന്തകരെ ദേശീയവാദികളായും ചിത്രീകരിക്കുകയാണുണ്ടായതെന്നും ഇക്കൂട്ടർ വാദിക്കുന്നു. ഭരണഘടനാശില്പിയായ ബി.ആർ.അംബദ്കറിന്റെ നിലപാടുകളെപ്പോലും തെറ്റായി ചിത്രീകരിച്ച് അദ്ദേഹം മതേതരത്വചിന്തകൾക്കെതിരായിരുന്നുവെന്ന് വരുത്തിത്തീർക്കുവാൻ ശ്രമിക്കുന്നു. ഈ കുത്സിത ശ്രമങ്ങളുടെ പിന്നിൽ ഭാരതത്തിന്റെ സംപൂജ്യമായ ജനാധിപത്യമൂല്യങ്ങളെത്തന്നെ തകിടം മറിക്കുന്ന നിഗൂഢ അജണ്ടകളുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

വർഗീയ ശക്തികളുയർത്തുന്ന ഭീഷണി അതീവ ഗുരുതരമായ അപകടാവസ്ഥയാണ് സൃഷ്ടിച്ചിരിക്കുന്നത്. ജാതിയുടെയും മതത്തിന്റെയും പേരിൽ വികാരങ്ങളുയർത്തി ജനങ്ങളെ തമ്മിലടിപ്പിക്കുക മാത്രമല്ല തെരുവിലിറക്കി കൊലയ്ക്കു കൊടുക്കുന്ന അതിക്രൂരതയെ അംഗീകരിക്കുവാൻ സാക്ഷരസമൂഹത്തിനാകുമോ?

ചരിത്രത്തെ തിരുത്തിയെഴുതി മാറ്റങ്ങൾക്കു തുടക്കംകുറിച്ച നവോത്ഥാന നായകന്മാരുടെ ചിന്തകളിലും പ്രവർത്തികളിലും രൂപപ്പെട്ട നന്മകളെ, ഒരു സമൂഹം ഒന്നടങ്കം വാരിപ്പുണർന്നപ്പോൾ അതിന്റെ പിൻബലത്തിൽ ശ്രേഷ്ഠസ്ഥാനങ്ങളിലേയ്ക്കെത്തിയവർ അധികാര അഹന്തയിൽ വർഗീയവാദമുയർത്തി മതവിദ്വേഷം ആളിക്കത്തിക്കുവാൻ ശ്രമിക്കുന്നത് കൊടും പാതകമാണ്. **ചരിത്രം പഠിക്കാത്തവർ സത്യങ്ങളെ മനഃപൂർവ്വം വളച്ചൊടിച്ചു നടത്തുന്ന ജല്പനങ്ങൾക്കുമുമ്പിൽ ഇന്നിന്റെ തലമുറയെ തീറെഴുതിക്കൊടുത്താൽ തകർന്നുവീഴുന്നത് പതിറ്റാണ്ടുകളായി നാം അഭംഗുരം കാത്തുസൂക്ഷിക്കുന്ന മതേതരത്വമാണെന്നുള്ള വസ്തുത മറക്കരുത്.** സമൂഹത്തെ വർഗ്ഗീയമായി ചേരിതിരിക്കുന്ന വാദങ്ങൾ ജനസമൂഹത്തിൽ അശാന്തിയുടെ വിത്തുകൾ വിതയ്ക്കും. ഇത് ജനങ്ങളിൽ പരസ്പരം വെറുപ്പും വിദ്വേഷവും ആളിക്കത്തിക്കും.

അധികാരത്തിലേറുവാനും അള്ളിപ്പിടിച്ചിരിക്കുവാനും വർഗ്ഗീയവാദവും സംഘട്ടനവുമായി ഈ നാടിനെ വീണ്ടുമൊരു ഭ്രാന്താലയമാക്കുവാൻ ബോധപൂർവ്വം ചിലർ നടത്തുന്ന ഗൂഢശ്രമങ്ങളെ നിസംഗതയോടെ നോക്കിക്കാണുന്നത് ബുദ്ധിമോശമാണ്.

മതങ്ങൾ പങ്കുവയ്ക്കുന്നത് സ്നേഹവും സേവനവും അതിലുപരി സന്തോഷവുമാണ്. അടിയുറച്ച വിശ്വാസത്തിൽ, ആത്മീയതയുടെ അനിർവ്വചനീയമായ നിർവൃതിയിൽ മനുഷ്യചിന്തകളെ തട്ടിയുണർത്തി ദൈവസ്നേഹത്തിന്റെ അരൂപിയിൽ സമൂഹത്തെ നിറഞ്ഞുപ്രകാശിപ്പിക്കുകയാണ് മതങ്ങളുടെ ആത്യന്തികമായ ലക്ഷ്യം. ഇത് സമൂഹത്തിൽ സത്ഫലങ്ങളുളവാക്കി മാറ്റങ്ങൾക്കിടനൽകുന്നു. നന്മയിലേയ്ക്കുള്ള ഈ മാറ്റമാണ് ഇന്ന് ലോകത്തുടനീളം ജനസഹസ്രങ്ങൾ സഹർഷം സ്വാഗതം ചെയ്ത് നെഞ്ചിലേറ്റുന്നത്. ഇതിന്റെ പ്രതിഫലനങ്ങളിലൊന്നാണ് നിരീശ്വരപ്രസ്ഥാനങ്ങളുടെ തകർച്ച. രക്തരൂക്ഷിത വിപ്ലവത്തിലൂടെ അധികാരക്കസേരയിലേയ്ക്ക് എന്ന മുദ്രാവാക്യമിന്ന് കാലഹരണപ്പെട്ടു.

ദൈവസ്നേഹത്തിന്റെ പങ്കുവയ്ക്കലുകൾക്ക് ലോകമിന്ന് കാതോർക്കുന്നത് മറ്റൊരു ശുഭസൂചനയാണ്. ഇതിന്റെ സാക്ഷ്യമാണ് ആഗോള കത്തോലിക്കാസഭയുടെ സാരഥിയായ ഫ്രാൻസീസ് പാപ്പയുടെ സ്നേഹസന്ദർശനങ്ങളിലൂടെ ക്യൂബയിൽ സംഭവിച്ചത്. **ഒരുവശത്ത്, നന്മകൾ ഇതൾ വിരിക്കുമ്പോൾ മറുവശത്ത്, മതത്തിന്റെ പേരിലും വർഗ്ഗവർണ്ണങ്ങളുടെ പേരിലും പൊതുസമൂഹത്തെ കൊള്ളയടിക്കുകയും കൊലയ്ക്കുകൊടുക്കുകയും ചെയ്യുന്ന പൈശാചികശക്തികളും നാമറിയാതെ ശക്തിപ്രാപിച്ചുവരുന്നു.**

ബൈബിളും ഖുറാനും ഭഗവദ്ഗീതയും പങ്കുവെയ്ക്കുന്നത് സ്നേഹത്തിന്റെ സന്ദേശമാണ്. സ്നേഹിക്കാൻ പഠിപ്പിക്കുന്ന മതങ്ങളുടെ പേരിൽ മനുഷ്യനെ കൊന്നൊടുക്കുന്ന മനഃസാക്ഷിമരവിച്ച ഭീകരപ്രസ്ഥാനങ്ങൾ ഇന്നു ചിലയിടങ്ങളിൽ നിറഞ്ഞുതുള്ളുന്നു. **മതവർഗ്ഗീയവാദം താണ്ഡവമാടി, വളരെ നിഷ്ഠൂരമായി നിർദോഷികളും നിരപരാധികളുമായ മനുഷ്യന്റെ ജീവനെടുക്കുന്ന പശ്ചിമേഷ്യയിലെ ഭീകരപ്രസ്ഥാനങ്ങളെ ഭാരതസമൂഹം അപലപിക്കുമ്പോൾ ഈ നാട്ടിലും വർഗ്ഗീയത പത്തിയുയർത്തി വിഷംചീറ്റുന്നത് നാം കാണുന്നില്ലേ?**

മതസ്ഥാപകരുടെയും സമുദായ ആചാര്യന്മാരുടെയും മഹത്വചനങ്ങൾക്കും സാമൂഹ്യ ഉദ്ബോധനങ്ങൾക്കും വിലകൊടുക്കാതെ പല സമുദായ നേതൃത്വങ്ങളും വിശ്വാസത്തിന്റെ മറവിൽ ആത്മീയവികാരമുണർത്തി ഭൗതിക നേട്ടങ്ങൾക്കായി ജനങ്ങളെ തെരുവിലിറക്കുന്നത് വരും നാളുകളിൽ വൻദുരന്തങ്ങൾക്കിടനൽകുമെന്നത് നാം തിരിച്ചറിയണം.

അതിരൂക്ഷമായ സാമുദായിക സ്പർധ ഉയർത്തുന്ന വെല്ലുവിളി ഭീകരാന്തരീക്ഷമാണിന്ന് സൃഷിടിച്ചിരിക്കുന്നത്. **പരസ്പരം സൗഹൃദം പുലർത്തേണ്ട സമുദായങ്ങൾ തമ്മിൽ വീറുംവാശിയും മത്സരങ്ങളും മാത്രമല്ല സഭ്യഭാഷകളിലൊതുങ്ങാത്ത ആക്രോശങ്ങളും ആക്ഷേപങ്ങളും തുടരുമ്പോൾ നാളെയിത് പരസ്പരഅക്രമങ്ങൾക്ക് കളമൊരുക്കാം. നിർദോഷികളായ മനുഷ്യജീവനുകൾ തെരുവിൽ പിടഞ്ഞുവീണുമരിക്കേണ്ട ഗതികെട്ടഅവസ്ഥ സാക്ഷരകേരളത്തിലെ ഇന്നിന്റെ തലമുറയ്ക്ക് ഒരിക്കലുമുണ്ടാകരുതെന്നാണ് പ്രാർത്ഥന.**

രാഷ്ട്രീയ രംഗത്തെ സാമുദായിക വീതംവെയ്ക്കലുകൾക്ക് എന്നും വളംവെച്ചുകൊടുത്തത് ജനാധിപത്യരാഷ്ട്രീയ നേതൃത്വങ്ങളാണ്. വോട്ടുകിട്ടാനും അധികാരത്തിലേറുവാനും കടിച്ചുതൂങ്ങിയിരിക്കുവാനുംവേണ്ടി അടിസ്ഥാന രാഷ്ട്രീയമൂല്യങ്ങളും ആദർശങ്ങളും വർഗ്ഗീയവാദികളുടെ കാല്പാദത്തിലടിയറവുവെച്ച് ജനാധിപത്യമഹത്വത്തെ ചവിട്ടിയരച്ച വൃത്തികെട്ട രാഷ്ട്രീയ സമീപനങ്ങളാണ് വർഗ്ഗീതയക്ക് വിത്തുപാകിയതും വർഗീയവാദങ്ങൾക്ക് പിൻബലമേകിയതും.

ങ്ങളുടെ ദയനീയ പരാജയമാണ് ഒരു പരിധിവരെ വർഗ്ഗീയവാദങ്ങൾക്ക് വളംവെച്ചുകൊടുത്തിരിക്കുന്നതെന്ന് കാണാവുന്നതാണ്. പതിറ്റാണ്ടുകൾ രാജ്യം ഭരിച്ചവരും മാറിമാറി കേരളം ഭരിച്ചവരും മതേതരത്വം വാക്കുകളിൽ മാത്രമൊതുക്കി വർഗീയതയെ പുൽകിയതിന്റ ബാക്കിപത്രമാണ് ഇന്ന് സാക്ഷരകേരളത്തിലും വർഗ്ഗീയ ചേരിതിരിവുകൾ ശക്തിപ്പെടുവാനുള്ള പ്രധാന കാരണം. തുറന്ന ചർച്ചകൾക്കും മാറ്റങ്ങൾക്കും തയ്യാറാകുന്നില്ലെങ്കിൽ വരുംനാളുകളിൽ ഈ മണ്ണിൽ സൃഷ്ടിക്കുവാൻ പോകുന്ന അരാജകത്വവും വിഘടനവാദങ്ങളും അതിഭീകരമായിരിക്കുമെന്നതിൽ സംശയിക്കേണ്ട.

ജനകീയ ഭരണസംവിധാനങ്ങളെപ്പോലും വിലയ്ക്കുവാങ്ങുന്ന വർഗ്ഗീയവാദങ്ങൾ വലിയ അപകടത്തിലേയ്ക്കു നമ്മെ നയിക്കും. മതേതരചിന്തകൾ ഈ മണ്ണിൽ മരിച്ചുവീഴുന്നതിന് നമ്മൾ സാക്ഷികളാകും. **മഹത്വ്യക്തിത്വങ്ങൾ രൂപംനൽകി പരിപോഷിപ്പിച്ച ഭരണഘടനയുടെയും ജനാധിപത്യമൂല്യങ്ങളുടെയും സത്തുമുഴുവൻ ഊറ്റിയെടുക്കുവാൻ ആരെയും അനുവദിക്കുവാൻ പാടില്ല.**

വർഗീയ വിഷംചീറ്റുന്ന കിരാതശക്തികൾക്കെതിരെ ഉണർന്നെഴുന്നേറ്റ് പ്രതികരിക്കുവാൻ നമുക്കാകണം. **വർഗ്ഗീയവാദികളുടെ കൈകളിലെ പാറക്കല്ലുകളായി നാം മാറിയാൽ നാളെ മലമുകളിലേയ്ക്ക് ഉരുട്ടിക്കയറ്റി ഇക്കൂട്ടർ കൈവിട്ട് രസിച്ച് പൊട്ടിച്ചിരിക്കുന്നത് നാം കാണേണ്ടിവരും. പതിറ്റാണ്ടുകൾ രാജ്യം ഭരിച്ചവർക്ക് മതേതരത്വം കാത്തുസൂക്ഷിക്കാനായിരുന്നെങ്കിൽ വർഗ്ഗീയ വാദങ്ങൾ ഈ മണ്ണിൽ തലയുയർത്തി ഇന്നു ഗർജിക്കുമായിരുന്നില്ല.**

പൊതുസമൂഹത്തിന്റെ താല്പര്യങ്ങളായിരിക്കണം ഭരണരാഷ്ട്രീയനേതൃത്വങ്ങൾ സംരക്ഷിക്കേണ്ടത്. ജനകീയപ്രശ്നങ്ങളെ സമുദായവൽക്കരിക്കുന്നത് തെറ്റായ പ്രവണതയാണ്. അധികാരകേന്ദ്രങ്ങൾ ജനങ്ങളുടെ ജീവനും സ്വത്തിനും വെല്ലുവിളിയുയർത്തുന്ന വിഷയങ്ങളെ നിസാരവൽക്കരിച്ചുകാണുമ്പോൾ സംഘടിതസമുദായങ്ങൾ ഉണർന്നു പ്രതികരിക്കുക സ്വാഭാവികമാണ്. ഇതിനെ വർഗ്ഗീയവാദമായി ചിത്രീകരിച്ച് ജനങ്ങളിൽ വെറുപ്പും വിദ്വേഷവും ജനിപ്പിക്കുവാൻ ശ്രമിക്കുന്നത് രാഷ്ട്രീയ കുതന്ത്രവും പാപ്പരത്തവുമാണ്.

അധികാരസ്ഥാനങ്ങളുടെ തിളക്കത്തിൽ അടിസ്ഥാന ജനവിഭാഗങ്ങളെ മറന്നുപോയ ഭരണപ്രതിപക്ഷ രാഷ്ട്രീയ നേതൃത്വങ്ങളുടെ ദയനീയ പരാജയമാണ് ഒരു പരിധിവരെ വർഗ്ഗീയവാദങ്ങൾക്ക് വളംവെച്ചുകൊടുത്തിരിക്കുന്നതെന്ന് കാണാവുന്നതാണ്. പതിറ്റാണ്ടുകൾ രാജ്യം ഭരിച്ചവരും മാറിമാറി കേരളം ഭരിച്ചവരും മതേതരത്വം വാക്കുകളിൽ മാത്രമൊതുക്കി വർഗീയതയെ പുൽകിയതിന്റ ബാക്കിപത്രമാണ് ഇന്ന് സാക്ഷരകേരളത്തിലും വർഗ്ഗീയ ചേരിതിരിവുകൾ ശക്തിപ്പെടുവാനുള്ള പ്രധാന കാരണം.

പൊതുതെരഞ്ഞെടുപ്പിലെ സ്ഥാനാർഥി നിർണ്ണയം മുതൽ ഭരണഅധികാരത്തിലെ വകുപ്പുവിഭജനങ്ങൾ പോലും വർഗ്ഗീയാടിസ്ഥാനത്തിൽ വീതംവെയ്ക്കുമ്പോൾ രാഷ്ട്രീയസംശുദ്ധി കളങ്കപ്പെടുന്നു.

സ്വതന്ത്രഭാരതത്തിലെ ജനാധിപത്യകേരളത്തിൽ, ആദ്യനാളുകളിൽ അധികാരത്തിലിരുന്ന മന്ത്രിമാർ അറിയപ്പെട്ടിരുന്നത് നമ്മുടെ മന്ത്രിമാർ എന്ന ജനകീയ ശൈലിയിലും പേരിലുമാണ്. പിന്നീടത് മാറി. കോൺഗ്രസ് മന്ത്രി, സിപിഎംമന്ത്രി, സിപിഐ മന്ത്രി, ലീഗ് മന്ത്രി, കേരള കോൺഗ്രസ് മന്ത്രി എന്നിങ്ങനെ പാർട്ടിലേബലും ജനകീയ മന്ത്രിയുടെ നെറ്റിയിൽ തുന്നിച്ചേർത്തു. ഇപ്പോഴതുമാറി നായരുമന്ത്രി, ഈഴവമന്ത്രി, മുസ്ലീംമന്ത്രി, ക്രിസ്ത്യാനിമന്ത്രി എന്നിങ്ങനെയായി കാര്യങ്ങൾ. **സാക്ഷരത ഉയർന്നപ്പോൾ വർഗ്ഗീയത ശക്തിപ്പെട്ടത് നാം തിരിച്ചറിയണം.**

പൊതുപ്രവർത്തനപാരമ്പര്യമോ ആദർശനിഷ്ഠയോ രാഷ്ട്രീയ പശ്ചാത്തലമോ അടിസ്ഥാനമാക്കാതെ മതവും വർഗ്ഗവും ജാതിയും ഉപജാതിയും സ്ഥാനമാനങ്ങൾ ലഭിക്കുന്നതിനുള്ള മുഖ്യഘടകമായപ്പോൾ ഈ മണ്ണിൽ വർഗ്ഗീയവാദങ്ങൾ ശക്തിപ്പെട്ടു. ഇതിന്റെ ഫലമോ തലമുറകളായി നാം കാത്തുസൂക്ഷിച്ച ഈ പുണ്യഭൂമിയുടെ സംസ്കാരവും ചൈതന്യവും മാത്രമല്ല പതിറ്റാണ്ടുകൾക്കുമുമ്പ് അഹിംസാമാർഗ്ഗത്തിലൂടെയും, സഹനസമരങ്ങളിലൂടെയും ആയിരങ്ങളുടെ ചുടുചോരയൊഴുക്കി നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ ഉല്പന്നങ്ങളായ ജനാധിപത്യത്തിനും മതേതരത്വത്തിനും വെല്ലുവിളിയുയരുന്ന സാഹചര്യങ്ങളുണ്ടാകുന്നു.

രാഷ്ട്രീയ ഭരണനേതൃത്വങ്ങളുടെ അവസരവാദനയങ്ങളും അഴിമതിയും കെടുകാര്യസ്ഥതയും നീതിനിഷേധങ്ങളും ഇന്ന് ഒരുപരിധിവരെ ജനങ്ങളെ അവരിൽ നിന്നകറ്റുന്നു. അനന്തരഫലമോ, തങ്ങൾക്കാശ്രയിക്കാവുന്ന ഒരു ബദൽ സംവിധാനം തങ്ങളുടെ സമുദായങ്ങളിൽ പലരും കണ്ടെത്തുന്നു. ജനങ്ങളെ അഥവാ വിശ്വാസികളെ വരുതിയിൽ നിർത്തി വിലപേശുവാൻ സമുദായനേതൃത്വങ്ങൾക്കിത് അവസരമൊരുക്കുന്നു. ഇത് വർഗ്ഗീയപരമായി സംഘടിച്ചാൽ മാത്രമേ തങ്ങൾക്ക് നിലനിൽപ്പുള്ളൂവെന്ന ചിന്ത സാധാരണ ജനങ്ങളിലുണർത്തുന്നു.

അധികാരസ്ഥാനങ്ങളുടെ തിളക്കത്തിൽ അടിസ്ഥാന ജനവിഭാഗങ്ങളെ മറന്നുപോയ ഭരണപ്രതിപക്ഷ രാഷ്ട്രീയ നേതൃത്വ

ഭരണരാഷ്ട്രീയ നേതൃത്വങ്ങൾ അഴിമതിയുടെ അവതാരങ്ങളായി അധഃപതിക്കുകയും പൊതുപ്രവർത്തനരംഗത്ത് അന്തസ്സും ആദർശവും കൈമോശം വരുകയും ചെയ്തിരിക്കുമ്പോൾ ജനങ്ങൾ സമുദായങ്ങളിൽ പ്രതീക്ഷയർപ്പിക്കുന്നതിൽ തെറ്റുപറയാനാവില്ല. **പക്ഷേ ഈ പ്രതീക്ഷയുടെ മറവിൽ വർഗ്ഗീയ വികാരമുണർത്തി ജനാധിപത്യ മതേതരത്വ മഹത്തരമൂല്യങ്ങളെ മലീമസമാക്കുവാൻ ആരെയും അനുവദിച്ചുകൂടാ.**

ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ
ചീഫ് എഡിറ്റർ

ഇൻഫാം ദേശീയ സമിതിയും ഡയറക്ടേഴ്സ് കോൺഫറൻസും കൊച്ചി പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റെഷൻ സെന്ററിൽ ഇൻഫാം ദേശീയ രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. ഫാ.ജോസ് തറപ്പേൽ, ഫാ.ജോസ് മോനിപ്പള്ളി, ഡോ.എം.സി. ജോർജ്, ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ വി.സി.സെബാസ്റ്റ്യൻ, ഇൻഫാം ദേശീയ ചെയർമാൻ ഫാ.ജോസഫ് ഒറ്റപ്ലാക്കൽ, ഇൻഫാം ജനറൽ സെക്രട്ടറി ഫാ.ആന്റണി കൊഴുവനാൽ, ഇൻഫാം ദേശീയ വൈസ്പ്രസിഡന്റ് കെ.മൈതീൻ ഹാജി, സംസ്ഥാന ഉപഭോക്തൃ ഫോറം മെമ്പർ അഡ്വ.ജോസ് വിതയത്തിൽ, ജോസഫ് കരിയാങ്കൽ എന്നിവർ സമീപം.

ഇൻഫാം “ജൈവഭാരതം നവഭാരതം” പദ്ധതിക്ക് തുടക്കമായി

പഴമയെ ഉൾക്കൊണ്ട് പുത്തൻ കാർഷികസംസ്കാരം രൂപപ്പെടുത്തണം: മാർ മാത്യു അറയ്ക്കൽ

കൊച്ചി: മനുഷ്യനെ മാരകമായ രോഗങ്ങളിലെത്തിച്ച് ജീവന് വെല്ലുവിളിയുയർത്തി മരണത്തിലേയ്ക്ക് തള്ളിവിടുന്ന വിഷവും മായവും കലർന്ന ഭക്ഷണസംസ്കാരത്തിന് അറുതിവരുത്തുവാൻ പഴമയിലേയ്ക്ക് മടങ്ങിപ്പോയി ആധുനിക കാലഘട്ടത്തിന്റെയും ആഗോള സംവിധാനങ്ങളുടെയും പിൻബലത്തോടെ പുത്തൻ കാർഷികസംസ്കാരം രൂപപ്പെടുത്തുവാൻ കർഷകസമൂഹം മുന്നോട്ടുവരണമെന്ന് ഇൻഫാം ദേശീയ രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ ആഹ്വാനം ചെയ്തു.

കൊച്ചി പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ ചേർന്ന ഇൻഫാം ദേശീയ സമിതിയുടെയും റീജണൽ ഡയറക്ടർമാരുടെയും സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മാർ അറയ്ക്കൽ.

ഇൻഫാമിന്റെ പ്രവർത്തകർ ജൈവകൃഷിയുടെ പ്രചാരകരാകണം. ജൈവകാർഷികോല്പന്നങ്ങളുടെ വിപണനശൃംഖലകൾ ശക്തിപ്പെടുത്തുവാനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകും. ഈ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കർഷകപ്രസ്ഥാനങ്ങളുടെ കൂട്ടായ്മകൾ ശക്തിപ്പെടുത്തും. അതിരൂക്ഷമായ കാർഷിക പ്രതിസന്ധിയിൽ വിറങ്ങലിച്ചു നിൽക്കാതെ ഏകവിളയിൽനിന്നു ബഹുവിളയിലേയ്ക്കും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന നൂതനമാർഗ്ഗങ്ങളിലേയ്ക്കും ആഗോളതലവിപണനങ്ങളിലേയ്ക്കും കേരളത്തിലെ കർഷകർ ശ്രദ്ധതിരിക്കേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും മാർ അറയ്ക്കൽ സൂചിപ്പിച്ചു.

ഇൻഫാം ദേശീയ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ അധ്യക്ഷത വഹിച്ചു. ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ. വി.സി.സെബാസ്റ്റ്യൻ വിഷയാവതരണവും ഇൻഫാമിന്റെ തുടർ പ്രവർത്തനപരിപാടികളും അവതരിപ്പിച്ചു. ജൈവഭാരതം നവ ഭാരതം പദ്ധതി ഇൻഫാം ദേശീയ സമിതി പ്രഖ്യാപിച്ചു. ജൈവകൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണം പ്രോത്സാഹിപ്പിക്കൽ, സംഭരണം, വിപണനം എന്നിവയും ഈ പദ്ധതിയിൽ പെടുന്നു. കേരളത്തിൽ ഇൻഫാമിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 31 റീജണുകളിലും ഡയറക്ടർമാരെ നിയമിച്ചു. ഒക്ടോബർ നവംബർ മാസങ്ങളിലായി വിവിധ റീജണുകളിൽ കർഷകസമ്മേളനങ്ങൾ ചേരുന്നതാണ്. ജൈവഭാരതം നവഭാരതം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും പ്രചരണ പരിപാടികളും ഒക്ടോബറിൽ നടക്കും. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ആവിഷ്കരിച്ച് ഇതരസംസ്ഥാനങ്ങളിൽ സജീവമായിട്ടുള്ള ഫാർമേഴ്സ് പ്രൊഡ്യൂസിങ് കമ്പനിയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ നടപ്പിലാക്കാനും ദേശീയസമിതി രൂപരേഖ തയ്യാറാക്കി.

ഇൻഫാം കർഷകസംരംഭങ്ങൾക്ക് സംസ്ഥാനതലത്തിൽ നേതൃത്വം നൽകുവാൻ ഫാ.ജോസ് മോനിപ്പള്ളിയെ ഡയറക്ടറായും ജോസ് എടപ്പാട്ടിനെ കൺവീനറായും ദേശീയ സമിതി നിയമിച്ചു. ഇൻഫാം ദേശീയ വൈസ്പ്രസിഡന്റ് കെ.മൈതീൻ ഹാജി, ജനറൽ സെക്രട്ടറി ഫാ.ആന്റണി കൊഴുവനാൽ, മാനേജിംഗ് ട്രസ്റ്റി ഡോ.എം.സി.ജോർജ്ജ്, റീജണൽ ഡയറക്ടർമാരായ ഫാ.ബോവസ് മാത്യു തിരുവനന്തപുരം, ഫാ.മത്തായി മണ്ണപ്പറമ്പിൽ തിരുവല്ല, ഫാ.ജോസഫ് കളരിക്കൽ ചങ്ങനാശേരി, ഫാ.തോമസ് മറ്റമുണ്ടയിൽ കാഞ്ഞിരപ്പള്ളി, ഫാ.ജോസ് തറപ്പേൽ പാല, ഫാ.പോൾ ചെറുപിള്ളി എറണാകുളം, ഫാ.ജിമ്മി കല്ലിംഗക്കുടിയിൽ തൃശൂർ, ജോൺ പെരുവത്ത് മാവേലിക്കര, സംസ്ഥാന ഉപഭോക്തൃഫോറം മെമ്പർ അഡ്വ.ജോസ് വിതയത്തിൽ, മാത്യു മാമ്പറ, ആഡ്വ.പി.എസ്.മൈക്കിൾ, ജോസഫ് കരിയാങ്കൽ, ബേബി പെരുമാലിൽ, ജെസ്റ്റിൻ ആന്റണി കോഴിക്കോട്, തോമസ് ജോൺ തേവരത്ത് മാവേലിക്കര, ബിന്ദു അഗസ്റ്റിൻ തിരുവനന്തപുരം, ജെയിംസ് കോട്ടൂർ, ജോയി പപള്ളിവാതുക്കൽ എന്നിവർ സംസാരിച്ചു.

കൊച്ചി പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ ചേർന്ന ഇൻഫാം ദേശീയസമിതി പ്രമേയങ്ങൾ

തീരദേശജനതയ്ക്ക് ഭീഷണിയുയർത്തി മത്സ്യമേഖലയെ പ്രതിസന്ധിയിലാക്കിയ ഡോ. മീനാ കുമാരി കമ്മറ്റി റിപ്പോർട്ട് പൂർണ്ണമായും തള്ളിക്കളയണം. പരമ്പരാഗത മത്സ്യമേഖലയെ തകർത്ത് വിദേശകുത്തകകൾക്ക് മീൻപിടുത്താവകാശം നൽകുന്നതിനെ ഇൻഫാം ശക്തമായി എതിർക്കുന്നു. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തെ തടസപ്പെടുത്തുന്ന നടപടികൾ അനുവദിക്കില്ല. തീരദേശമ്മേഖലയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും കൃഷിക്കാർക്കും സി.ആർ.ഇസഡ്. നിയമം ബാധകമാക്കാതിരിക്കുക. ആഴക്കടൽ മത്സ്യബന്ധനത്തിൽ വിദേശട്രോളിംഗ് നിരോധിക്കുക. മത്സ്യബന്ധനബോട്ടുകൾക്ക് സബ്സിഡി വിലയിൽ ഉപകരണങ്ങളും ഇന്ധനങ്ങളും നൽകുകയും പലിശ രഹിത വായ്പ

അനുവദിക്കുകയും ചെയ്യണം. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യകർഷകരെ രക്ഷിക്കുവാനുള്ള ക്രിയാത്മക ഇടപെടലുകൾ വേണം. വിഴിഞ്ഞം പദ്ധതിയുടെ പേരിൽ തീരദേശജനങ്ങളിലുണ്ടായിരിക്കുന്ന ആശങ്കകൾ പരിപൂർണ്ണമായി പരിഹരിക്കപ്പെടണം. തീരദേശജനങ്ങളുടെ ജീവിക്കുവാൻവേണ്ടിയുള്ള സമരപോരാട്ടങ്ങൾക്ക് ഇൻഫാം ദേശീയ സമിതി പിന്തുണപ്രഖ്യാപിച്ചു.

നെൽ കർഷകരുടെ പ്രശ്നങ്ങൾ അതീവഗൂരുതരമായി തുടരുകയാണ്. ഒരു കിലോഗ്രാം നെല്ല് ഉല്പാദിപ്പിക്കുന്നതിന് ശരാശരി ചിലവ് 17-20 രൂപയാണ്. സംസ്ഥാനം സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് വഴി ഇപ്പോൾ നെല്ല് സംഭരിക്കുന്നത് ഒരു കിലോഗ്രാമിന് 19 രൂപ പ്രകാരമാണ്. ഇതിൽ തന്നെ 13.60 രൂപ വിലയും 5.40 രൂപ ഗ്രാന്റുമാണ്. ഇത് തികച്ചും അപര്യാപ്തമാണ്. കിലോഗ്രാമിന് ചുരുങ്ങിയത് 30 രൂപയെങ്കിലും നൽണമെന്ന് ദേശീയ സമിതി അഭ്യർത്ഥിച്ചു.

മലയോരമേഖലയിലെ പട്ടയവിതരണത്തിന് സർക്കാർ സമയപരിധി നിശ്ചയിക്കണം. ഇപ്പോൾ നടത്തുന്ന പട്ടയമാമാങ്കങ്ങൾക്കു പിന്നിലുള്ള രഹസ്യഅജണ്ടകൾ വളരെ വ്യക്തമാണ്. ഉപാധിരഹിത പട്ടയമെന്നുപറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് 16 ഉപാധികളോടുകൂടിയ പട്ടയങ്ങൾ നൽകിയിരിക്കുന്നത് വഞ്ചനാപരമാണ്.

റബർ ഇറക്കുമതിയുടെ അനിയന്ത്രിതമായ ഒഴുക്ക് തടയണം. കർഷകർ ആത്മഹത്യയിലേയ്ക്ക് നീങ്ങിയിരിക്കുന്നത് ഗൗരവമായി കാണണം. മുൻവർഷങ്ങളിൽ റബറിന് വില ഉയർന്നുനിന്നപ്പോൾ ഓരോ വർഷവും 700 കോടി രൂപ റബർ കർഷകരിൽ നിന്ന് വാറ്റ് ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു. കേന്ദ്ര സർക്കാരിന് സെസ് ഇനത്തിൽ 220 കോടി രൂപ വേറെയും ലഭിച്ചു. കേന്ദ്ര സർക്കാരിൽ 1011.69 കോടി രൂപയോളം വിലസ്ഥിരതാ ഫണ്ടും ഉണ്ട്. ഈ വിലസ്ഥിരതാ ഫണ്ടിൽ കർഷകരിൽ നിന്നും പിരിച്ചെടുത്ത തുകയും ഉൾപ്പെടുന്നു. 1.53 കോടി രൂപ മാത്രമാണ് വിലസ്ഥിരതാഫണ്ടിൽ നിന്ന് കർഷകർക്ക് ഇതിനോടകം നൽകിയിട്ടുള്ളതെന്ന് വാണിജ്യ മന്ത്രി വെളിപ്പെടുത്തിയിട്ടുണ്ട്. വിലസ്ഥിരതാഫണ്ട് റബർ പ്രതിസന്ധി കലഘട്ടത്തിൽ ഫലപ്രദമായി കർഷകന് നൽകി സഹായിക്കാത്ത കേന്ദ്രസർക്കാരിന്റെ നിഷേധനിലപാടുകൾ കർഷകവഞ്ചനയാണ്. ഇറക്കുമതി നിയന്ത്രണവും റബർ സംഭരണവുമാണ് സർക്കാരുകൾ നടത്തേണ്ടത്.

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 300 കോടിയുടെ സഹായധന പദ്ധതി കൊട്ടിഘോഷങ്ങൾക്കുശേഷം നിർജീവമായിരിക്കുന്നു. ഈ സഹായധന പദ്ധതിയിൽ പങ്കാളികളാകാൻവേണ്ടി 2 ഹെക്ടറിന്റേതുൾപ്പെടെ വർദ്ധിപ്പിച്ച ഭൂനികുതി ജൂലൈ 4നു ശേഷം ഖജനാവിലേയ്ക്ക് അടച്ച കർഷകർക്ക് തിരികെ നൽകുവാൻ സർക്കാർ തയ്യാറാകണം.

കർഷകർക്കും കർഷകത്തൊഴിലാളികൾക്കും സർക്കാർ ജീവനക്കാർക്കു തുല്യമായ പെൻഷൻ സമ്പ്രദായം നടപ്പിലാക്കണം. കാർഷിക മേഖലയിൽ പലിശരഹിത വായ്പ അനുവദിക്കണം. ഭൂമിയുടെ ന്യായവിലയിലും ക്രയവിക്രയങ്ങളിലെ രജിസ്ട്രേഷൻ ഫീസിലുണ്ടായിരിക്കുന്ന അന്യായ വർദ്ധനവ് പിൻവലിക്കണം.

വന്യമൃഗങ്ങളുടെയും തെരുവുനായ്ക്കളുടെയും ആക്രമംമൂലം ഇതിനോടകം നിരവധിപേർക്ക് ജീവൻ നഷ്ടപ്പെടുകയും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക ഇടങ്ങളിൽ വന്യമൃഗങ്ങളുടെ കടന്നുകയറ്റം വൻകൃഷിനാശത്തിനിട നൽകുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ശാശ്വതപരിഹാരത്തിന് സംയുക്തനടപടികൾ സ്വീകരിക്കുക.

കസ്തൂരിരംഗൻ റിപ്പോർട്ടിനെ തുടർന്ന് കേന്ദ്രസർക്കാർ 2014 മാർച്ച് 10ന് പുറപ്പെടുവിച്ച കരടുവിജ്ഞാപനം അസാധുവാകുകയും 4-9-2015 ൽ വീണ്ടുമിറക്കിയ കരടുവിജ്ഞാപനത്തിൽ കേരളത്തിലെ 123 വില്ലേജുകളും പരിസ്ഥിതിലോലപ്രദേശമാകുമെന്നുള്ള സൂചനയുള്ളത് ആശങ്കയുളവാക്കുന്നതാണ്. ഇഎസ്എയിൽ നിന്ന് ആരെയും കുടിയിറക്കുകയോ മാറ്റിപ്പാർപ്പിക്കുകയോ ഇല്ലെന്നും, വീടുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ മോടിപിടിപ്പിക്കുന്നതിനോ വലുപ്പംകൂട്ടുന്നതിനോ തടസ്സമുണ്ടാവില്ലെന്നുമുള്ള പുതിയ കരടുവിജ്ഞാപനത്തിലെ 3-ാം വകുപ്പ് ഡി ഉപവകുപ്പിലെ സൂചനകൾ ജനവാസകേന്ദ്രങ്ങൾ പരിസ്ഥിതിലോല പ്രദേശങ്ങളാകുമെന്ന് ഉറപ്പാക്കിയിരിക്കുന്നു. വീടുകൾ പുതുക്കാമെന്ന് പറയുമ്പോൾ പുതിയ വീടുകൾ നിർമ്മിക്കാനാവില്ലെന്ന് വ്യക്തമാണ്. വസ്തുവിൽക്കാമെന്നു പറയുമ്പോൾ പരിസ്ഥിതിലോലപ്രദേശത്ത് പണംമുടക്കി വസ്തു വാങ്ങുവാൻ ആരെങ്കിലും തയ്യാറാകുമോ? ഇഎസ്എ പ്രദേശത്ത് നിലവിലുള്ള ആശുപത്രികൾ തുടരാമെന്നു സൂചിപ്പിച്ചിരിക്കുമ്പോൾ ജനവാസകേന്ദ്രങ്ങൾ പരിസ്ഥിതിലോലപ്രദേശമാകുമെന്നതിന് മറ്റൊരു തെളിവിന്റെ ആവശ്യമില്ലന്നും തങ്ങളുടെ പ്രതിഷേധങ്ങളും പ്രതികരണങ്ങളും നിയമപരമായ 60 ദിവസത്തിനുള്ളിൽ കേന്ദ്രസർക്കാരിനെ അറിയിക്കുവാൻ പശ്ചിമഘട്ടജനത തയ്യാറാകണമെന്നും ഇൻഫാം ദേശീയ സമിതി അഭ്യർത്ഥിച്ചു.

കൃഷിയെ പ്രോത്സാഹിപ്പിക്കാനെന്ന വ്യാജേന ചില സബ്സിഡികൾ വല്ലപ്പോഴും പ്രഖ്യാപിക്കപ്പെടാറുണ്ട്. ഇതിന്റെ ഗുണം ഒരിക്കലും കർഷകർക്ക് ലഭിക്കാറില്ല. അതുകൊണ്ട് സബ്സിഡികളേക്കാളുപരി എല്ലാ ഉല്പന്നങ്ങൾക്കും വിലസ്ഥിരത ഉറപ്പാക്കുകയാണ് വേണ്ടത്. അതിന് ആവശ്യമായ ഫണ്ട് നീക്കിവെയ്ക്കുവാൻ

വർഷങ്ങളായി ആവശ്യപ്പെടുന്ന കാർഷിക ബജറ്റ് യാഥാർത്ഥ്യമാകണം.

പരിസ്ഥിതിലോലം പുതിയ കരടുവിജ്ഞാപനം പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണം: ഇൻഫാം

തൊടുപുഴ: കസ്തൂരിരംഗൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന കേരളത്തിലെ 123 വില്ലേജുകളും പരിപൂർണ്ണമായി പരിസ്ഥിതിലോലപ്രദേശങ്ങളാകുമെന്ന് ഉറപ്പാക്കുന്ന 04-09-2015ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന പുതിയ കരടുവിജ്ഞാപനം പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണമാണെന്ന് ഇൻഫാം ദേശീയസമിതി.

ഇഎസ്എയിൽ നിന്ന് ആരെയും കുടിയിറക്കുകയോ മാറ്റിപ്പാർപ്പിക്കുകയോ ഇല്ലെന്നും, വീടുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ മോടിപിടിപ്പിക്കുന്നതിനോ വലുപ്പംകൂട്ടുന്നതിനോ തടസ്സമുണ്ടാവില്ലെന്നുമുള്ള പുതിയ കരടുവിജ്ഞാപനത്തിലെ 3-ാം വകുപ്പ് ഡി ഉപവകുപ്പിലെ സൂചനകൾ ജനവാസകേന്ദ്രങ്ങൾ പരിസ്ഥിതിലോലപ്രദേശങ്ങളാകുമെന്ന് ഉറപ്പാക്കിയിരിക്കുന്നു. വീടുകൾ പുതുക്കാമെന്ന് പറയുമ്പോൾ പുതിയ വീടുകൾ നിർമ്മിക്കാനാവില്ലെന്ന് വ്യക്തമാണ്. വസ്തുവിൽക്കാമെന്നു പറയുമ്പോൾ പരിസ്ഥിതിലോലപ്രദേശത്ത് പണം മുടക്കി വസ്തു വാങ്ങുവാൻ ആരെങ്കിലും തയ്യാറാകുമോ? ഇഎസ്എ പ്രദേശത്ത് നിലവിലുള്ള ആശുപത്രികൾ തുടരാമെന്നു സൂചിപ്പിച്ചിരിക്കുമ്പോൾ ജനവാസകേന്ദ്രങ്ങൾ പരിസ്ഥിതിലോലപ്രദേശമാകുമെന്നതിന് മറ്റൊരു തെളിവിന്റെ ആവശ്യമില്ല

അസാധുവായിപ്പോയ കരടുവിജ്ഞാപനത്തിൽ 2014 മാർച്ച് മാസത്തിൽ കേരളസർക്കാർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പരിസ്ഥിതിലോലപ്രദേശത്തിന്റെ വിസ്തൃതി 9993.7 സ്ക്വയർ കിലോമീറ്റർ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. പുതിയ കരടുവിജ്ഞാപനത്തിലും ഇതുതന്നെ ആവർത്തിക്കുമ്പോൾ കോട്ടയം ജില്ലയിലെ നാലുവില്ലേജുകൾ പരിപൂർണ്ണമായി ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന പ്രചാരണം വാസ്തവവിരുദ്ധമാണ്. കഴിഞ്ഞ ഒന്നരവർഷക്കാലമായി കേരളത്തിലെ ഭരണഉദ്യോഗസ്ഥനേതൃത്വങ്ങൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. ജനങ്ങളോട് പ്രഖ്യാപിക്കുന്നതൊന്ന്, കേന്ദ്രസർക്കാരിൽ സമർപ്പിക്കുന്നത് മറ്റൊന്ന്. പൊതുസമൂഹത്തെ വിഢികളാക്കുന്ന ഈ അടവുനയം ജനങ്ങൾ തിരിച്ചറിയുന്നു. കേന്ദ്രസർക്കാർ വർഷങ്ങൾക്കുമുമ്പ് ഇഎസ്എയായി പ്രഖ്യാപിച്ച മഹാരാഷ്ട്രയിലെ മഹാബലേശ്വർ, പഞ്ചഗണി എന്നിവിടങ്ങളിലെ ജനങ്ങൾ കുടിയിറങ്ങി ശൂന്യമായ ഗ്രാമങ്ങൾ സന്ദർശിക്കുവാനും അവിടുന്ന് കുടിയിറങ്ങേണ്ടിവന്ന ജനങ്ങളുടെ ദയനീയസ്ഥിതി നേരിട്ടുമനസിലാക്കുവാനും കേരളത്തിലെ രാഷ്ട്രീയനേതൃത്വങ്ങളും ഉദ്യോഗസ്ഥരും തയ്യാറാകണമെന്നും ഇൻഫാം അതിനവസരമൊരുക്കിത്തരാമെന്നും സെക്രട്ടറി ഷെവ.വി.സി.സെബാസ്റ്റ്യൻ പറഞ്ഞു.

നിയുക്ത മാണ്ഡ്യ രൂപതാധ്യക്ഷൻ മാർ ആന്റണി കരിയിൽ ബാംഗ്ലൂർ ആർച്ച്ബിഷപ് മാർ ബെർണാർഡ് മോറസുമായി ആർച്ച്ബിഷപ് ഹൗസിൽ കൂടിക്കാഴ്ച നടത്തിയപ്പോൾ. പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി കെ.പി.ചാക്കപ്പൻ, എപ്പിസ്കോപ്പൽ വികാരി റവ.ഡോ.മാത്യു കോയിക്കര, ധർമ്മാരാം കോളജ് റെക്ടർ റവ.ഡോ.തോമസ് ഐക്കര, ഫാ.ആന്റണി മഹേന്ദ്രൻ എന്നിവർ സമീപം.

നിയുക്ത മാണ്ഡ്യ രൂപതാധ്യക്ഷന് ബാംഗ്ലൂർ ആർച്ച്ബിഷപ്ഹൗസിൽ സ്വീകരണം

ബാംഗ്ലൂർ: നിയുക്ത മാണ്ഡ്യ രൂപതാധ്യക്ഷൻ മാർ ആന്റണി കരിയിലിന് ബാംഗ്ലൂർ ആർച്ച്ബിഷപ് ഹൗസിൽ ഊഷ്മളമായ സ്വീകരണം നൽകി. എപ്പിസ്കോപ്പൽ വികാരി റവ.ഡോ.മാത്യു കോയിക്കരയും, ധർമ്മാരാം കോളജ് റെക്ടർ റവ.ഡോ.തോമസ് ഐക്കരയും, പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി കെ.പി.ചാക്കപ്പനും നിയുക്ത പിതാവിനോടൊപ്പം ആർച്ച്ബിഷപ് ഹൗസിലെത്തിയപ്പോൾ ബാംഗ്ലൂർ ആർച്ച്ബിഷപ് മാർ ബെർണാർഡ് മോറസും സഹവൈദികരും ചേർന്ന് ഹൃദ്യമായ സ്വീകരണം നൽകി പരസ്പരം അനുമോദനങ്ങൾ അർപ്പിച്ചു. ഓഗസ്റ്റ് 26ന് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ച്ബിഷപ്പിൽ നിന്നും നിയമനം സ്വീകരിച്ച നിയുക്ത ബിഷപ്പിന്റെ ബാംഗ്ലൂരിലേയ്ക്കുള്ള പ്രഥമ സന്ദർശനമാണിത്.

അഭയാർത്ഥികൾക്കൊപ്പം ഐഎസ് ഭീകരരും യൂറോപ്പിലേയ്ക്ക് കടക്കാൻ സാധ്യത: മാർപാപ്പ

വത്തിക്കാൻ സിറ്റി: സിറിയയിൽ നിന്നും യൂറോപ്പിലേയ്ക്കെത്തുന്ന അഭയാർത്ഥികൾക്കൊപ്പം ഇസ്ലാമിക് സ്റ്റേറ്റ് (ഐഎസ്) ഭീകരരും യൂറോപ്പിലേയ്ക്ക് കടക്കാൻ സാധ്യതയുണ്ടെന്ന് ഫ്രാൻസീസ് മാർപാപ്പയുടെ മുന്നറിയിപ്പ്. ഒരു റേഡിയോ അഭിമുഖത്തിലായിരുന്നു പോപ്പിന്റെ പ്രതികരണം.

ക്രൈസ്തവർ ഉൾപ്പെടെയുള്ള ന്യൂനപക്ഷങ്ങളെ ക്രൂരമായി കൊലപ്പെടുത്തുന്ന ഐഎസ് ഭീകരർ യൂറോപ്പിലും ആക്രമണം നടത്തിയേക്കുമെന്നും പോപ്പ് ആശങ്ക പ്രകടിപ്പിച്ചു. റോമും ഭീഷണിക്കുപുറത്തല്ലെന്നും മുൻകരുതലുകൾ എടുക്കേണ്ടതുണ്ടെന്നും മാർപാപ്പ പറഞ്ഞു. ഭീകരർ അഭയാർത്ഥികൾക്കൊപ്പം നുഴഞ്ഞുകയറാൻ ഇടയുണ്ടെന്ന സാധ്യത കാണാതിരുന്നിട്ടു കാര്യമില്ലെന്നും മാർപാപ്പ അഭിപ്രായപ്പെട്ടു. അഭയാർത്ഥികൾക്കൊപ്പം ഐഎസ് ഭീകരരും യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് നുഴഞ്ഞുകയറുമെന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.

വിലസ്ഥിരത പാളി; വിലയും കുറഞ്ഞു; റബർ മേഖലയിൽ പ്രതിസന്ധി രൂക്ഷമാകുന്നു

കോട്ടയം: വിലയിടിവുമൂലം റബർ മേഖല തകർന്നടിഞ്ഞിരിക്കുമ്പോൾ സംസ്ഥാന സർക്കാർ കൊട്ടിഘോഷിച്ച് നടപ്പിലാക്കുവാൻ ശ്രമിച്ച വിലസ്ഥിരതാപദ്ധതിയും കർഷകർക്ക് ഗുണം ലഭിക്കാതെ അട്ടിമറിക്കപ്പെട്ടിരിക്കുന്നുവെന്നും രാഷ്ട്രീയത്തിനതീതമായി 'മൂന്നാർ മോഡൽ' സമരവുമായി കർഷകർ സംഘടിച്ചില്ലെങ്കിൽ അധികാരകേന്ദ്രങ്ങളുടെ കണ്ണുതുറക്കില്ലെന്നും ഇൻഫാം ദേശീയ സമിതി.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ റബർ കർഷകരോടുള്ള നിഷേധനിലപാടുകൾ തുടരുന്നത് നിരാശയുണർത്തുന്നു. സംസ്ഥാന സർക്കാരിന്റെ തുടർച്ചയായ വാഗ്ദാനങ്ങൾ കേട്ട് 300 കോടിയുടെ സഹായധനപദ്ധതിയിൽ 2.5 ലക്ഷത്തോളം കർഷകർ രജിസ്റ്റർ ചെയ്തു. 1.5 ലക്ഷം അപേക്ഷകൾ വിവിധ ആർ.പി.എസ്സുകളിൽ കെട്ടിക്കിടക്കുന്നു. ലാറ്റക്സ് ഉല്പാദകരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് നിബന്ധനകളിൽ ഇതുവരെയും വ്യക്തതയുമില്ല. മാർച്ച് 13ന് പ്രഖ്യാപിച്ച് ജൂലൈ 13ന് നടപ്പിലാക്കാൻ തുടങ്ങി ഓഗസ്റ്റ് 26ന് ഉദ്ഘാടനം ചെയ്തിട്ടും പണം ലഭിക്കാത്ത ഈ പദ്ധതിയിലുള്ള വിശ്വാസം കർഷകർക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

വിലയിടിവും മഴയും മൂലം മുന്നോട്ടുപോകുവാൻ നിവൃത്തിയില്ലാതെ തോട്ടങ്ങളിൽ ടാപ്പിംഗ് നിലച്ചു. മാസങ്ങളായി തുടർന്ന കർഷകസമരങ്ങളെയും പ്രതിഷേധങ്ങളെയും നിർജീവമാക്കുവാൻ നടത്തിയ രാഷ്ട്രീയ ഗൂഢാലോചനയായി മുൻകാലങ്ങളിൽ പ്രഖ്യാപിച്ച റബർ സംഭരണം പോലെ വിലസ്ഥിരതാ സഹായധനപദ്ധതിയും മാറിയിരിക്കുന്നു. സഹായധനം ലഭിക്കുന്നതിനുള്ള രജിസ്ട്രേഷനുവേണ്ടി കർഷകർ മുൻകാല പ്രാബല്യത്തോടെ ഖജനാവിലേയ്ക്കടച്ച വർദ്ധിപ്പിച്ച ഭൂനികുതി മടക്കിത്തരുവാനുള്ള ബാധ്യതയും സർക്കാരിനുണ്ട്. അടിയന്തര നടപടികൾ സ്വീകരിക്കാതെ കർഷകരെ ഒന്നടങ്കം വിഢികളാക്കി അനങ്ങാപ്പാറനയം സർക്കാർ തുടരുകയാണെങ്കിൽ കർഷകപ്രക്ഷോഭം ശക്തമാക്കുമെന്നും വരാൻപോകുന്ന തദ്ദേശതെരഞ്ഞെടുപ്പിൽ പ്രതിഷേധം പ്രതിഫലിക്കുമെന്നും ഇൻഫാം ദേശീയസമിതി സൂചിപ്പിച്ചു.

ഞങ്ങളെ സംരക്ഷിക്കാൻ കഴിയാത്ത ഇസ്ലാമിനൊപ്പം ഇനിയില്ല; യൂറോപ്പിലെത്തുന്ന അനേകം മുസ്ലീം അഭയാർത്ഥികൾ ക്രിസ്തുമതം സ്വീകരിക്കുന്നതായി റിപ്പോർട്ട്

ഇസ്ലാമിക് സ്റ്റേറ്റ് ഭീകരരും മറ്റ് തീവ്രവാദികളും ചേർന്ന് ജീവിതം തകർത്ത അഭയാർത്ഥികൾ സ്വന്തം മതത്തെപ്പോലും ഉപേക്ഷിക്കുന്നതായി റിപ്പോർട്ട്. സീറിയയിൽ നിന്നും മറ്റും അഭയാർത്ഥികളായി യൂറോപ്പിലെത്തുന്നവരിൽ വലിയൊരു വിഭാഗം ക്രിസ്തുമതത്തിൽ ചേരുന്നു.

ജർമ്മനിയിലെ ഇവാഞ്ചലിക്കൽ ട്രിനിറ്റി ചർച്ചിലെ അംഗസംഖ്യ രണ്ടുവർഷത്തിനിടെ നാലിരട്ടിയായാണ് വർദ്ധിച്ചത്. ഇതിലേറെയും ഇറാനിൽ നിന്നും അഫ്ഗാനിസ്ഥാനിൽ നിന്നും പലായനം ചെയ്തുവന്ന മുസ്ലീങ്ങളാണ്. ജീവിതത്തിന് സംരക്ഷണമേകാൻ ഇസ്ലം മതത്തിനാകുന്നില്ലെന്ന് അഭയം തേടിയെത്തുന്നവരിൽ പലരും കരുതുന്നു. തീവ്രവാദഭീഷണി മുൻനിർത്തി പല യൂറോപ്യൻ

രാജ്യങ്ങളും അഭയാർത്ഥികളെ കർശനമായി നിയന്ത്രിക്കുന്നതും മതം മാറ്റത്തിന് കാരണമായി മാറിയിട്ടുണ്ട്. ക്രിസ്തുമതം സ്വീകരിച്ചാൽ അഭയം ലഭിക്കാനുള്ള സാധ്യത വർദ്ധിക്കുമെന്നതും ഇവരെ പ്രേരിപ്പിക്കുന്നു. അഭയാർത്ഥികളായെത്തി ക്രിസ്തുമതം സ്വീകരിക്കുന്നവർക്ക് തിരികെ നാട്ടിലേയ്ക്ക് പോകാനാവില്ല. തിരികെ നാട്ടിലെത്തിയാൽ ഇവരെ തീവ്രവാദികൾ ജീവനോടെ വെച്ചേക്കില്ല. അതുകൊണ്ടുതന്നെ മതം മാറുന്ന അഭയാർത്ഥികളെ സ്വീകരിക്കാൻ പല യൂറോപ്യൻ രാജ്യങ്ങളും നിർബന്ധിതരാകുന്നുമുണ്ട്.

ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യുന്നത് തങ്ങൾക്ക് പുതിയ ജീവിതം സമ്മാനിക്കുന്നുവെന്ന പ്രതീതിയിലാണ് അഭയാർത്ഥികളും. അഭയം തേടിയ ശേഷം തിരികെ ഇസ്ലാം മതത്തിലേയ്ക്കു മടങ്ങുന്നവർ വളരെക്കുറവാണെന്നും ജർമ്മനിയിലെ ഇവാഞ്ചലിക്കൽ ട്രിനിറ്റി ചർച്ചിലെ പാസ്റ്റർ മാർട്ടെൻസ് പറയുന്നു. ജീവിതത്തിന് പുതിയ പ്രതീക്ഷ കൈവന്നതുപോലെയാണ് അഭയാർത്ഥികൾ ഈ മാറ്റത്തെ കാണുന്നതെന്നും അദ്ദേഹം പറയുന്നു.

നൈജീരിയയിൽ ഭീകരരെ ഭയന്നു നാടുവിട്ടതു 14 ലക്ഷം കുട്ടികളെന്നു യുനിസെഫ്

നൈജീരിയയിൽ ബൊക്കോ ഹറാം ഭീകരരുടെ ആക്രമണത്തെ ഭയന്നു നാടുവിട്ടതു 14 ലക്ഷത്തിലധികം കുട്ടികളെന്നു യുനിസെഫ്. ഭീകരരുടെ ആക്രമണം വർധിച്ചതോടെ കഴിഞ്ഞ അഞ്ചുമാസത്തിനിടെ അഞ്ചുലക്ഷത്തിലധികം കുട്ടികളാണ് അയൽരാജ്യങ്ങളിലേക്കു പലായനം ചെയ്തത്. വടക്കുകിഴക്കൻ നൈജീരിയയിൽ ആധിപത്യം ഉറപ്പിക്കാൻ ബൊക്കോ ഹറാം ആറുവർഷമായി തുടരുന്ന ആക്രമണങ്ങളിൽ ഇതുവരെ ആയിരക്കണക്കിനു പേർ കൊലപ്പെട്ടു. 21 ലക്ഷത്തിലധികം പേർ അയൽരാജ്യങ്ങളിലേക്ക് ഓടിപ്പോവുകയും ചെയ്തു. ഇവരിൽ ഭൂരിഭാഗവും കുട്ടികളാണെന്നും യുഎൻ അറിയിച്ചു.

വടക്കൻ നൈജീരിയയിൽ മാത്രം ഒന്നര മുതൽ അഞ്ചു വയസുവരെ പ്രായമുള്ള 12 ലക്ഷം കുട്ടികളാണു ഭീകരരെ ഭയന്നു നാടുവിട്ടത്. ഇവരിൽ ഭൂരിഭാഗവും അഭയം പ്രാപിക്കുന്നതു കാമറൂൺ, ചാഡ്, നൈജർ തുടങ്ങിയ രാജ്യങ്ങളിലാണെന്നും യൂനിസെഫ് അറിയിച്ചു.

ഹൃദയത്തെ തൊട്ടുണർത്തുന്ന മനോഹരഗാനങ്ങളുമായി

ഉടൻ വിപണിയിൽ

മാർ ജോസഫ് കരിയാറ്റി മെത്രാപ്പോലീത്തായുടെ 229-ാം ചരമവാർഷികം മാർ തോമസ് ചക്യത്ത് ഉദ്ഘാടനം ചെയ്യുന്നു. അഡ്വ.ജോസ് വിതയത്തിൽ, ഫാ.തോമസ് പുതുശ്ശേരി, ഡോ.കുര്യാസ് കുമ്പളക്കുഴി, അഡ്വ.ബിനു കരിയാറ്റി, അഡ്വ.മാണി വിതയത്തിൽ, ടി.യു.പ്രസാദ്, കെ.വി.പോൾ, വി.സി.ഫ്രാൻസീസ്, ജോർജ് തോമസ് തുടങ്ങിയവർ സമീപം.

കാനഡയിൽ സീറോ മലബാർ സഭ എക്സാർക്കേറ്റ്; മാർ ജോസ് കല്ലുവേലിൽ അഭിഷിക്തനായി

ടൊറേന്റോ: കാനഡയിലെ സീറോ മലബാർ അപ്പസ്തോലിക് എക്സാർക്കേറ്റിന്റെ ഔദ്യോഗിക പ്രഖ്യാപനവും പ്രഥമ എക്സാർക്ക് മാർ ജോസ് കല്ലുവേലിലിന്റെ മെത്രാഭിഷേകവും ഭക്തിനിർഭരമായി. ഒന്റാറിയോ സംസ്ഥാനത്തെ മിസിസാഗ വെർജിൻ മേരി ആൻഡ് സെന്റ് അത്തനേഷ്യസ് പള്ളിയിൽ നടന്ന അഭിഷേക ചടങ്ങുകളിൽ സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമികത്വം വഹിച്ചു. പാലക്കാട് ബിഷപ് മാർ ജേക്കബ് മനത്തോടത്ത്, ഷിക്കാഗോ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവർ സഹകാർമികരായി.

എക്സാർക്കേറ്റിന്റെ രൂപീകരണം, മാർ ജോസ് കല്ലുവേലിലിനെ എക്സാർക്ക് ആയി നിയമിച്ചുകൊണ്ടുള്ള പ്രഖ്യാപനം എന്നിവയുൾപ്പെട്ട ഫ്രാൻസിസ് മാർപാപ്പയുടെ കത്ത് കാനഡയിലെ അപ്പസ്തോലിക് നുൺഷ്യോ ആർച്ച്ബിഷപ് ഡോ. ലിയൂജി ബൊണാസിയും സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ വൈസ് ചാൻസലർ റവ.ഡോ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലും വായിച്ചു. ഫാ. ജോസ് ആലയ്ക്കക്കുന്നേലായിരുന്നു ആർച്ച്ഡീക്കൻ.

മെത്രാഭിഷേകത്തിനുശേഷം മാർ ജോസ് കല്ലുവേലിൽ ദിവ്യബലി അർപ്പിച്ചു. പ്രവാസി വിശ്വാസികൾ വിശ്വാസം വലിയ നിധിയായി കാത്തുസൂക്ഷിക്കുന്നതിലും കൈമാറുന്നതിലും സഭ മുഴുവൻ അഭിമാനിക്കുന്നുവെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സന്ദേശത്തിൽ പറഞ്ഞു. ദൈവത്തിന്റെ പ്രവൃത്തികളോട് ആത്മാർഥമായി സഹകരിക്കുന്നവരാകണം വിശ്വാസികൾ. കാനഡയിൽ സീറോ മലബാർ സഭയ്ക്ക്

എക്സാർക്കേറ്റ് അനുവദിച്ചു കിട്ടിയതു ദൈവത്തിന്റെ പദ്ധതിയാണ്. ഇതിലൂടെ ഇവിടത്തെ സഭാസമൂഹം മുഴുവൻ അനുഗ്രഹീതരായിരിക്കുകയാണ്. ഇതിനായി സഹായങ്ങൾ നൽകിയ എല്ലാവരോടും സഭ കടപ്പെട്ടിരിക്കുന്നു

കാനഡയിലെ എക്സാർക്കേറ്റിന്റെ ചുമതല വഹിക്കുന്ന പുതിയ മെത്രാൻ മാർ കല്ലുവേലിലിന് ഇവിടത്തെ അജഗണങ്ങളെ സുവിശേഷപാതയിൽ പ്രേഷിത തീക്ഷ്ണയോടെ നയിക്കാനാകുമെന്നും കർദിനാൾ മാർ ആലഞ്ചേരി കൂട്ടിച്ചേർത്തു. മാർ ജോസ് കല്ലുവേലിൽ എല്ലാവർക്കും നന്ദി പറഞ്ഞു.

ഇന്ത്യ, അമേരിക്ക, കാനഡ എന്നിവിടങ്ങളിൽനിന്നുള്ള മെത്രാന്മാരും വൈദികരും വിശ്വാസികളും ശുശ്രൂഷകളിൽ പങ്കെടുത്തു.

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ

പ്രാർത്ഥനാധിഷ്ഠിത ജീവിതം

12

(കഴിഞ്ഞ ലക്കം തുടർച്ച)

74. വഴിയാത്രക്കാരനെപ്പോലെയാണ് ആത്മപരിശോധന ചെയ്യുന്നവൻ എന്ന് ചാവറ പിതാവ് സമർത്ഥിക്കുന്നു: *ദൈവശുശ്രൂഷി ആയ ആത്മാവേ, നീ എന്തുചെയ്യുന്നു! നീ ഇപ്പോൾ എവിടെപ്പോകുന്നു, നീ തുടരുന്ന ജീവിതം കൊണ്ട് എന്തായിത്തീരും, എവിടെയാണ് നീ എത്തിച്ചേരുക? ആലോചിക്കൂ, വഴിയാത്രക്കാരൻ നടന്നുനീങ്ങുമ്പോൾ ഇടക്കിടയ്ക്ക് താൻ നടക്കുന്നവഴി ലക്ഷ്യത്തിലേയ്ക്കുള്ളതോ, വഴിതെറ്റിയോ എന്നു പരിശോധിക്കും. ഇതുപോലെതന്നെ നിത്യതയിലേയ്ക്കുള്ള യാത്രക്കാരനായ നീയും ഇപ്പോൾ സഞ്ചരിക്കുന്ന ജീവിതവഴി സ്വർഗ്ഗത്തിലേയ്ക്കുള്ളതോ എന്നു പരിശോധിക്കാൻ ന്യായമായിരിക്കുന്നു (ധ്യാനസല്ലാപങ്ങൾ 49, 50).*

75. ചാവറപ്പിതാവിന് പരിശുദ്ധ കുർബാന പോലെ തന്നെ തിരു വചനവും ഭക്ഷണവും പാനീയവുമായിരുന്നു എന്നദ്ദേഹം ധ്യാനപൂർവ്വം അനുസ്മരിക്കുന്നു: *എന്റെ പിതാവും ഭാഗ്യവുമായ നീ തന്ന നന്മകളല്ലാതെ മറ്റെന്തു ഗുണമാണ് നാഥാ എന്നിലുള്ളത്. എന്റെ സ്നേഹത്തിനു നിദാനമായ നീയാണെന്റെ ഭാഗ്യം, നിന്നിലല്ലാതെ എനിക്കെങ്ങനെ ജീവിക്കാൻ കഴിയും. എന്റെ ശ്വാസം നീയാണ്, ഭക്ഷണം നീയാണ്, പാനീയവും നീതന്നെ. ഇങ്ങനെയുള്ള നിന്നിലല്ലാതെ വേറെ എവിടെയാണ് ഞാൻ ആശ്വാസം കണ്ടെത്തുക (ആത്മാനുതാപം 1981, 10).*

76. നമുക്കുലഭിച്ചിരിക്കുന്ന അനുകൂല സാഹചര്യങ്ങളെക്കുറിച്ചു ധ്യാനിച്ച് നന്ദിയുള്ളവരാകുവാനും കൂടുതൽ ഉത്തരവാദിത്വമുള്ള വരാകുവാനും ചാവറപ്പിതാവ് നിർദ്ദേശിക്കുന്നു: *ലോകത്തിന്റെതായ എല്ലാ തിന്മയുടെ സാഹചര്യങ്ങളിൽ നിന്നും നിന്നെ സംരക്ഷിക്കാനായി ദൈവത്തിന്റെ ആലയത്തിൽ കൊണ്ടുവന്നു വസിപ്പിച്ചിരിക്കുന്നു. നിന്റെ വീട്ടിൽ ലഭിക്കാത്ത ആത്മീയാന്തരീക്ഷം അല്ലെ നിനക്ക് ലഭിക്കുന്നത്, സമാന ദൈവവിളി സ്വീകരിച്ച കൂട്ടുകാർ, ആത്മീയോപദേഷ്ടാക്കൾ, ആത്മീയ അറിവും ഭക്തിയും സമ്പാദിക്കാൻ ഉതകുന്ന ധാരാളം പുസ്തകങ്ങൾ, ഇവയല്ലാം സെമിനാരിക്കാലം മുതൽ നിന്നോടൊപ്പം സൂക്ഷിക്കപ്പെട്ടിരിക്കുന്നു.*

ഓർക്കുക, കൂദാശകൾ സ്വീകരിക്കാൻ നിനക്ക് ലഭിച്ചിരിക്കുന്ന അനുകൂല സാഹചര്യങ്ങൾ. ഇവയല്ലാം ക്രിസ്തീയ മാതാപിതാക്കളിൽ നിന്നു ജനിക്കാനിടവന്നു എന്നതു കൊണ്ടു മാത്രം ലഭിച്ച അനുകൂല സാഹചര്യങ്ങളല്ല. ദൈവം നിന്നോടു കാണിച്ച പ്രത്യേക സ്നേഹത്തിന്റെയും പരിഗണനയുടെയും, സുരക്ഷിതത്വത്തിന്റെയും ഭാഗങ്ങളാണ് (ആത്മാനുതാപം 56).

77. തിരുസഭയോടു വിശ്വസ്തനായിരിക്കുവാൻ ചാവറപ്പിതാവിന്റെ പ്രാർത്ഥന ഇപ്രകാരമായിരുന്നു. നമ്മുടെ വിശ്വസ്തതയും നാം ധ്യാന വിഷയമാക്കണം: *അറുതിയില്ലാത്ത ബാവാതമ്പുരാനെ, പുത്രൻ തമ്പുരാനെ, റൂഹാദ കൂദിശാ തമ്പുരാനെ, എന്റെ തമ്പുരാനും എന്റെ പിതാവും എന്റെ ഗുരുനാഥനുമായ നിന്നെ വന്ദിച്ച് കുമ്പിടുന്നേൻ. സത്യതിരുസഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും ഞാനും വിശ്വസിച്ചിരിക്കുന്നു. എന്റെ വിശ്വാസത്തെ നീ ഉറപ്പിക്കണമെ (ധ്യാനസല്ലാപങ്ങൾ. 70, 71).*

78. പരിശുദ്ധ അമ്മയുടെ നാമത്തിൽ വല വീശിയാൽ ഒന്നും ലഭിക്കാതെ വല തിരിച്ചുവ ലിച്ചിട്ടില്ല എന്നു നമ്മെ ഓർമ്മിപ്പിക്കുന്ന ചാവറ പിതാവ് ഈശോയുടെ മുമ്പിൽ അമ്മയുടെ സ്നേഹ വാത്സല്യത്തെ അവതരിപ്പിച്ചുകൊണ്ട് മാദ്ധ്യസ്ഥ്യം യാചിക്കുന്നു. മറിയത്തിലൂടെ ഈശോയിലേക്കടുക്കുവാൻ നമ്മെയും പ്രേരിപ്പിക്കുന്നു.

എന്റെ ഈശോയേ അനുഗ്രഹിക്കണമെ. എന്റെ ഈശോയേ നീ കോപിച്ചിരിക്കുന്നു. നിന്റെ കോപം ന്യായമുള്ളതാകുന്നു. എന്നാൽ ഇപ്പോൾ ഞങ്ങളുടെ പാപങ്ങളെ നോക്കാതെ നിന്റെ പ്രിയപ്പെട്ട മാതാവായ കന്യകാമറിയത്തെ നോക്കണമെ, ഞങ്ങൾക്കുവേണ്ടി കണ്ണുനീർ ചിന്തിയ ആ അമ്മയുടെ തൃക്കണ്ണുകളെക്കുറിച്ചും, ഞങ്ങളുടെ മേലുള്ള ദയവുകൊണ്ട് നെടുവീർപ്പുകളെ വിട്ട അമ്മയുടെ ചുണ്ടുകളെക്കുറിച്ചും, ഞങ്ങളുടെ മേലുള്ള പ്രിയത്താൽ ഒരു വാളാൽ പിളർക്കപ്പെട്ടു എന്ന അമ്മയുടെ എത്രയും മൃദുവായിട്ടുള്ള വിമലഹൃദയത്തെക്കുറിച്ചും ഞങ്ങളുടെമേൽ ക്ഷമയായിരിക്കണമേ. നീ ഉണ്ണിയായിരുന്നപ്പോൾ ചാരിക്കിടന്നതും മരിച്ചപ്പോൾ നിന്നെ മാറോട് ചേർത്തതുമായ ഹൃദയം ഇതുതന്നെ ആയിരിക്കുന്നു. നിന്റെ തിരുമേനിയിലും തിരുമുറിവുകളിലും ഏറിയ ചുംബനങ്ങൾ തന്ന ചുണ്ടുകളും ഇതു തന്നെയാണ്. ഉണ്ണിയായിരുന്നപ്പോൾ നിന്നെ നോക്കി പ്രസാദിപ്പിച്ചതും, രക്തം നിറഞ്ഞ തിരുമുറിവുകളെ കണ്ണുനീരാൽ കഴുകിയ തൃക്കണ്ണുകളും ഇവ തന്നെ. ഹാ എന്റെ ഈശോയേ! നിന്റെ പ്രിയപ്പെട്ടമാതാവായ മറിയത്തിന്റെ തൃക്കണ്ണുകളെ ക്കുറിച്ചും ആ തിരുച്ചുണ്ടുകളെക്കുറിച്ചും, ആ വിമല ഹൃദയത്തെക്കുറിച്ചും ഞങ്ങളുടെ മേൽ കൃപയായിരിക്കണമേ.

എന്റെ ഈശോയേ, മറിയത്തിന്റെ ദിവ്യഹൃദയം ഞങ്ങൾക്കുവേണ്ടി വ്യസനിക്കുന്നു, ആ തിരുച്ചുണ്ടുകൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്നു, അനുഗ്രഹത്തിന്റെ ആ കണ്ണുകൾ നിന്റെ മേലും ഞങ്ങളുടെ മേലും ഒരുപോലെ തിരിക്കുന്നു. അതുകൊണ്ട് എന്റെ ഈശോയേ! ഞങ്ങളുടെ മാതാവും സങ്കേതവുമായ പരിശുദ്ധ മറിയത്തിന്റെ തിരുമുഖത്തെക്കുറിച്ച് ഞങ്ങളുടെമേൽ അനുഗ്രഹമായിരിക്കണമേ. ആമ്മേൻ.(മൂലരേഖ, മാന്നാനം, ആർക്കൈവ്സ്)

79. തന്റെ എല്ലാകഴിവുകളും ദൈവത്തിൽ നിന്ന് എന്നു ഏറ്റുപറഞ്ഞ ചാവറപ്പിതാവ് എന്നും ദൈവതിരുമനസ്സിനു സ്വയം വിട്ടുകൊടുത്തു കൊണ്ടാണു ജീവിച്ചത്. എളിമയോടുകൂടി അദ്ദേഹം എഴുതുന്നു:

അതെന്തേ, എന്നാൽ ദൈവം ചെയ്യിച്ചതൊക്കെയും എന്റെ കഴിവുകൊണ്ടാണോ? ഇവിടെവരെ നീ വന്നത് എങ്ങനെ? വീട്ടിൽ നിന്നാരുവിളിച്ചു? തിരുപ്പട്ടത്തിന് എങ്ങനെ കേറി, കൊവേന്തയിൽ എങ്ങനെ കൂടി, സന്യാസസഭ എങ്ങനെ കിട്ടി, പ്രിയോരെന്നാരു വിളിച്ചു? ഇവിടെവരെ നീ എങ്ങനെ വന്നു? ഇതിൽ ഏതെങ്കിലും ഒന്നിനു നിന്നെ കൊള്ളാമായിരുന്നോ? ഇല്ല, ഇല്ല, നിശ്ചയം. അപ്പോഴൊ തിരുമനസ്സുനടക്കും, നടത്തും (ധ്യാനസല്ലാപങ്ങൾ 13).

ചാവറപ്പിതാവിന്റെ പ്രാർത്ഥനയും ജീവിതമാതൃക നമ്മുടെ ജീവിതത്തെ പ്രാർത്ഥനയിലുറപ്പിക്കാൻ സഹായിക്കും എന്നു തീർച്ചയാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

56

സഭൈക്യം

(കഴിഞ്ഞ ലക്കം തുടർച്ച)......

ക്രിസ്തുവിനോടു കൂടിയുള്ള ജീവിതം

ഈ സഹോദരരുടെ ക്രിസ്തീയ ജീവിതം ക്രിസ്തുവിലുള്ള വിശ്വാസംവഴി പോഷിപ്പിക്കപ്പെടുന്നു. ജ്ഞാനസ്നാനത്തിൽ നിന്നു ലഭിക്കുന്ന പ്രസാദവരത്താലും ദൈവവചനത്തിന്റെ ശ്രവണത്താലും ഇത് ശക്തിയാർജ്ജിക്കുന്നു. സ്വകാര്യപ്രാർത്ഥനയിലും വി.ഗ്രന്ഥത്തിന്റെ പരിചിന്തനത്തിലും ക്രിസ്തീയ കുടുംബജീവിതത്തിലും ദൈവത്തെ സ്തുതിക്കാൻ ഒന്നിച്ചുകൂടുന്ന സമൂഹത്തിന്റെ ആരാധനയിലും ഇതു പ്രകടമാകുന്നു. ഇതിലുമുപരിയായി അവരുടെ ദൈവികാരാധനയിൽ പൊതുവായി ആചരിച്ചിരുന്ന ആ പഴയ ആരാധനക്രമങ്ങളിലെ പല ഘടകങ്ങളും കാര്യമായ പങ്കുവഹിക്കുന്നുണ്ട്.

ദൈവികതൃക്കരങ്ങളിൽനിന്നു പ്രാപിച്ച അനുഗ്രഹങ്ങൾക്കുവേണ്ടിയുള്ള സ്തുതിയിലും നന്ദിപ്രകടനത്തിലുമാണ് ക്രിസ്തുവിലുള്ള അവരുടെ വിശ്വാസം ഫലമണിയുന്നത്. മറ്റുള്ളവരോട് സജീവമായ നീതിബോധവും നിർവ്യാജമായ സ്നേഹവും അവർ കാണിക്കുന്നു. ഈ സജീവവിശ്വാസം ആദ്ധ്യാത്മികവും ശാരീരികവുമായ ദുരിതനിവാരണത്തിനും യുവജനവിദ്യാഭ്യാസത്തിനും സാമൂഹ്യസ്ഥിതികൾ കൂടുതൽ മനുഷ്യോചിതമാക്കുന്നതിനും ലോകവ്യാപകമായ സമാധാനാസൂത്രണങ്ങൾക്കും വേണ്ടിയുള്ള എണ്ണമറ്റ സ്ഥാപനങ്ങൾക്ക് പ്രചോദനം നൽകി.

എന്നാൽ അനേകം ക്രൈസ്തവസഹോദരങ്ങൾ വി.ഗ്രന്ഥത്തിലെ ധാർമ്മികപഠനങ്ങളെ കത്തോലിക്കർ മനസ്സിലാക്കുന്നതിൽ നിന്നും വ്യത്യസ്ഥമായ വിധത്തിലാണ് ഗ്രഹിക്കുന്നത്. ആധുനികയുഗത്തിലെ സങ്കീർണ്ണ പ്രശ്നങ്ങൾക്ക് സഭ നൽകുന്ന പ്രതിവിധി അവർക്ക് സ്വീകാര്യമല്ലെന്നുള്ള വസ്തുത ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ക്രിസ്തീയ പുണ്യത്തിനുറവിടമായ ക്രിസ്തുവിന്റെ വാക്കുകൾക്കനുസൃതമായി പ്രവർത്തിക്കാനുള്ള നമ്മുടെ ആഗ്രഹത്തോട് അവരും യോജിക്കുന്നു. വാക്കാലോ പ്രവർത്തിയാലോ എന്തു തന്നെ ചെയ്താലും കർത്താവായ ക്രിസ്തുവഴി പിതാവായ ദൈവത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് എല്ലാം ക്രിസ്തുവിന്റെ നാമത്തിൽ ചെയ്യുക എന്നുള്ള വി.ശ്ലീഹായുടെ വാക്യാനുസാരം ജീവിക്കുന്നതിലും അവർ സഹകരിക്കുന്നുണ്ട്. അതിനാൽ ധാർമ്മികജീവിതത്തോട് സുവിശേഷതത്വങ്ങളെ സമന്വയിച്ചുകൊണ്ടുള്ള ചർച്ചകളോടെ സഭൈക്യസംഭാഷണം ആരംഭിക്കാവുന്നതാണ്.

ഉപസംഹാരം - സഭൈക്യപ്രവർത്തനം നിർവ്വഹിക്കുന്നതിൽ സ്വീകരിക്കേണ്ട വ്യവസ്ഥകളും അതിനെ നിയന്ത്രിക്കേണ്ട തത്വങ്ങളും അവതരിപ്പിച്ചശേഷം പ്രതീക്ഷയോടെ ഭാവിയിലേയ്ക്ക് ഈ കൗൺസിൽ ഉറ്റുനോക്കുകയാണ്. ഐക്യത്തിലേയ്ക്കുള്ള യഥാർത്ഥ മുന്നേറ്റത്തിനു തുരങ്കം വയ്ക്കുന്ന ഉപരിപ്ലവവും വിവേകരഹിതവുമായ തീക്ഷണത ഉപേക്ഷിക്കാൻ ഈ കൗൺസിൽ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. വിശ്വാസികളുടെ എക്യുമെനിക്കൽ പ്രവർത്തനങ്ങൾ പൂർണ്ണമായും ആത്മാർത്ഥമായും കാതോലികമായിരിക്കണം. അതായത് അപ്പസ്തോലന്മാരിൽ നിന്നും സഭാപിതാക്കന്മാരിൽ നിന്നും സ്വീകരിച്ച സത്യത്തോട് അവർ വിശ്വസ്തത പുലർത്തണം. കത്തോലിക്കാസഭ എന്നും പഠിപ്പിക്കുന്ന വിശ്വാസത്തോടു യോജിച്ചുപോവുകയും വേണം. അതോടൊപ്പം കാലത്തിന്റെ വളർച്ചയ്ക്കൊത്ത് തന്റെ ശരീരവും വളരണമെന്ന ക്രിസ്തുവിന്റെ അഭിലാഷപൂർത്തീകരണം സാധിക്കാൻ അവർ പ്രയത്നിക്കേണ്ടതുമാണ്.

ഈ കൗൺസിലിന്റെ അടിയന്തിരമായ ഒരഭിലാഷമാണ് കത്തോലിക്കാസഭാസന്താനങ്ങളുടെ സംരംഭങ്ങൾ വേർപെട്ട സഹോദരങ്ങളുടെ പ്രവർത്തനങ്ങളോടൊത്ത് പുരോഗമിച്ചുകാണുക എന്നത്. ദൈവപരിപാലനയുടെ മാർഗ്ഗത്തിൽ വിഘ്നങ്ങൾ വലിച്ചുനിരത്താൻ പാടില്ല. പരിശുദ്ധാരൂപിയുടെ ഭാവിപ്രചോദനങ്ങൾക്ക് അതിർത്തിവരമ്പുകൾ കെട്ടിയുയർത്തുകയുമരുത്. ക്രിസ്തുവിന്റെ ഏകസഭയുടെ ഐക്യത്തിലേയ്ക്ക് എല്ലാ ക്രൈസ്തവരേയും പുനരാനയിക്കുക എന്ന പരിശുദ്ധമായ ലക്ഷ്യം പ്രാപിക്കാൻ മാനുഷിക കഴിവുകൾക്കും സിദ്ധികൾക്കും സാധ്യമല്ലെന്നും ഈ കൗൺസിലിന് ബോധ്യമുണ്ട്. ഈ ബോധ്യംകൊണ്ടുതന്നെയാണ് ഈ കൗൺസിൽ ക്രിസ്തുവിന്റെ സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയിലും നമ്മോടുള്ള പിതാവിന്റെ സ്നേഹത്തിലും പരിശുദ്ധാത്മാവിന്റെ ശക്തിയിലും അതിന്റെ എല്ലാ പ്രതീക്ഷയും നിക്ഷേപിച്ചിരിക്കുന്നത്. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം നമുക്കു നൽകപ്പെട്ട പവിത്രാത്മാവ് നമ്മുടെ ഹൃദയങ്ങളെ ദൈവസ്നേഹംകൊണ്ടും നിറച്ചിരിക്കുന്നു (റോമ.5:5).

എന്നാൽ അനേകം ക്രൈസ്തവ സഹോദരങ്ങൾ വി.ഗ്രന്ഥത്തിലെ ധാർമ്മികപഠനങ്ങളെ കത്തോലിക്കർ മനസ്സിലാക്കുന്നതിൽ നിന്നും വ്യത്യസ്ഥമായ വിധത്തിലാണ് ഗ്രഹിക്കുന്നത്. ആധുനികയുഗത്തിലെ സങ്കീർണ്ണപ്രശ്നങ്ങൾക്ക് സഭ നൽകുന്ന പ്രതിവിധി അവർക്ക് സ്വീകാര്യമല്ലെന്നുള്ള വസ്തുത ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ക്രിസ്തീയ പുണ്യത്തിനുറവിടമായ ക്രിസ്തുവിന്റെ വാക്കുകൾക്കനുസൃതമായി പ്രവർത്തിക്കാനുള്ള നമ്മുടെ ആഗ്രഹത്തോട് അവരും യോജിക്കുന്നു.

ഫാമിലി കോർണർ

Dr. P.M. Chacko Palakunnel
Principal, Nirmal Jyothi Institute-of Counseling and Psychotherapy
Mobile: 9746085144

"സ്ത്രീകൾ വിശ്വസിക്കാൻ കൊള്ളാത്തവർ"

ജിംസൺ ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനാണ്. ഭാര്യയും രണ്ടുകുട്ടികളുമുണ്ട്. ജിംസണ് ദേഷ്യംവന്നാൽ നിയന്ത്രിക്കുക ബുദ്ധിമുട്ടാണ്. സ്ത്രീകൾ എല്ലാവരും വിശ്വസിക്കാൻ കൊള്ളാത്തവരാണെന്നാണ് ജിംസന്റെ നിഗമനം. ജിംസൺ വീട്ടിലിരിക്കുമ്പോൾ എപ്പോഴും ഭാര്യ കൂടെയുണ്ടാകണമെന്ന് നിർബന്ധമാണ്. അടുക്കളയുടെ പിൻഭാഗത്തും വീടിന്റെ വാതിലിന് നേരെ വെളിയിലും പ്ലാസ്റ്റിക് ഷീറ്റുകൾ വലിച്ചുകെട്ടിയിരിക്കുകയാണ്. ഇത് ഭാര്യ ആരെയും നോക്കാതിരിക്കാനും ഭാര്യയെ ആരും കാണാതിരിക്കാനുമാണ്. വീടിനു പുറത്തിറങ്ങിയാൽ ഉടൻ പുറകെയെത്തും. എപ്പോഴും കാലും കൈയ്യും തിരുമ്മിക്കൊടുക്കുകയും തലോടിക്കൊടുക്കുകയും ചെയ്യണം. അമ്മ ജിംസന്റെ കൂടെയാണ് താമസം. അമ്മയെ നിരന്തരം ചീത്തവിളിക്കുകയും അമ്മ ചത്താലേ സമാധാനമുണ്ടാകുകയുള്ളൂ എന്ന് പറയുകയും ചെയ്യും. ജോലിക്കുപോയാലും സ്ത്രീ സഹപ്രവർത്തകരോട് വിരോധവും അവരെ സംശയവുമാണ്.

ജിംസന്റെ പിതാവിന് 12 വയസ്സുള്ളപ്പോൾ അദ്ദേഹത്തിന്റെ മാതാപിതാക്കൾ മരിച്ചു. അമ്മയുടെ സഹോദരന്മാർ വളരെ സമ്പന്നരും ശക്തമായ മുതലാളിത്ത മനോഭാവമുള്ളവരും എതിർക്കുന്നവരെയൊക്കെ കൊന്നൊടുക്കാൻപോലും മടിക്കാത്തവരുമായിരുന്നു. പന്ത്രണ്ടുവയസ്സുകാരനായ ജിംസന്റെ പിതാവിനെ അമ്മാവന്മാർ കൂട്ടിക്കൊണ്ടുപോയി. പഠിക്കാനൊന്നും അയയ്ക്കാതെ അവനെക്കൊണ്ട് കഠിനമായി ജോലിചെയ്യിച്ചു. ഒരു കൂലിപ്പണിക്കാരന്റെ സ്ഥാനംമാത്രമായിരുന്നു അവന് ലഭിച്ചിരുന്നത്.

വിവാഹപ്രായമായപ്പോൾ ഒരു പെൺകുട്ടിയെഅവർ തന്നെ കണ്ടുപിടിച്ച് വിവാഹം കഴിപ്പിച്ചുതാമസിപ്പിച്ചു. അപ്പോഴും പഴയപടി ദാസ്യവൃത്തിതന്നെയായിരുന്നു ജിംസന്റെ പിതാവിന്റെ ജീവിതചര്യ. ഒരാൺകുട്ടിയും പെൺകുട്ടിയും ജനിച്ചു. ഇതിനിടെ അയാൾ അമ്മാവന്മാരുമായി പിണങ്ങിയെങ്കിലും മറ്റുമാർഗ്ഗമില്ലാതിരുന്നതിനാൽ ജോലി തുടർന്നുകൊണ്ടിരുന്നു. ഭാര്യ അമ്മാവന്മാരുമായി നല്ല അടുപ്പത്തിലായിരുന്നു. അവിടെ പ്പോകരുതെന്നു വിലക്കിയിട്ടും അയാളറിയാതെ അവൾ പോകുമായിരുന്നു.

ഒരു ദിവസം അമ്മാവന്മാരുടെ വീട്ടിൽ ഒരു മാമ്മോദീസ നടന്നപ്പോൾ അവർ അയാളെയും കുടുംബത്തെയും ക്ഷണിച്ചു. അയാൾ വിലക്കിയിട്ടും രഹസ്യമായി അമ്മയും മകളും പോയി. പിന്നീട് ഇത് അറിഞ്ഞ അയാൾ കോപിച്ച് അമ്മാവന്മാരുടെ വീട്ടിലേയ്ക്ക് വഴക്കുണ്ടാക്കുവാനായി പോയി. മൂന്നു ദിവസമായിട്ടും തിരിച്ചുവരാതായപ്പോൾ മകനായ ജിംസൺ അന്വേഷിച്ചിറങ്ങി. പല സ്ഥലങ്ങളിലും കറങ്ങിനടന്നിട്ടും ഒരു തുമ്പും കിട്ടിയില്ല. അപ്പോൾ അമ്മ പറഞ്ഞു അമ്മാവന്മാരുടെ കിണറ്റിൽ കാണുമെന്ന്. ജിംസൺ പോയിനോക്കിയപ്പോൾ കിണറ്റിൽ ചീഞ്ഞ് കിടപ്പുണ്ട്. തലയിൽ ഒരു വെടിയുണ്ട കൊണ്ട പോലെ ഒരു പാടും ഉണ്ടായിരുന്നു. നീയെങ്ങനെ ഇവിടെ വന്നു എന്നു ചോദിച്ചപ്പോൾ കിണറ്റിൽ കാണുമെന്ന് അമ്മ പറഞ്ഞതുകൊണ്ട് വന്നതാണെന്ന് പറഞ്ഞു. ഇതുകേട്ടപ്പോൾ അമ്മാവന്മാർ ഇത് അമ്മയോടു പറഞ്ഞിട്ടുവന്ന് ആത്മഹത്യ ചെയ്തതാക്കി വരുത്തിത്തീർത്തു.

അധികാരികൾക്ക് പണംകൊടുത്ത് കൊലപാതകം ആത്മഹത്യയാക്കിമാറ്റി. അമ്മയ്ക്ക് രഹസ്യങ്ങൾ അറിയാമായിരുന്നെങ്കിലും അമ്മ മകനോട് പറഞ്ഞില്ല. അമ്മ വീണ്ടും ആ കുടുംബവുമായുള്ള ബന്ധം തുടർന്നുകൊണ്ടിരുന്നു. ജിംസൺ വിവാഹം കഴിച്ചുകഴിഞ്ഞ് ആ വീട്ടിൽ പോകാൻ അമ്മ നിർബന്ധിച്ചെങ്കിലും പോയില്ല. പെങ്ങളുടെ വിവാഹം കഴിഞ്ഞ് അവിടെ പോകാൻ അമ്മ പറഞ്ഞപ്പോൾ പോകാൻ പറ്റില്ലെന്ന് ജിംസൺ പറഞ്ഞു. എന്നാൽ ജിംസൺ അറിയാതെ അവർ അവിടെ പോയി. അവർക്ക് കുറച്ചു പണം അപ്പന്റെ അമ്മാവന്മാരുടെ മക്കൾ കൊടുക്കുകയും ചെയ്തു. അതിനുശേഷം ജിംസൺ അമ്മയുമൊത്ത് അവിടംവിട്ട് ദൂരെ മറ്റൊരു സ്ഥലത്ത് താമസമാക്കി.

അപ്പനെ കൊന്നത് അമ്മാവന്മാരാണെന്ന് അമ്മയ്ക്ക് അറിയാമായിരുന്നിട്ടും അമ്മ അത് മറച്ചുവച്ചു എന്നുപറഞ്ഞുകൊണ്ട് അമ്മയെ നിരന്തരം ചീത്തപറച്ചിലാണ്. അമ്മ തന്നെ ചതിച്ചെന്നും അതുകൊണ്ട് സ്ത്രീകളെ ആരെയും വിശ്വസിക്കാൻ കൊള്ളില്ലെന്നും പറയുന്നു. തന്നെ ധിക്കരിച്ച് അമ്മാവന്മാരുടെ വീട്ടിൽ പോയ സഹോദരിയോടു വെറുപ്പാണ്. അമ്മാവന്മാരുടെ മക്കളെ അവിടെച്ചെന്ന് കൊല്ലുമെന്ന് ചിലപ്പോൾ പറയും. ചില ദിവസങ്ങളിൽ ഉറക്കം കുറവാണ്. ജിംസൺ വീട്ടിലുള്ളപ്പോൾ ഭാര്യയെ ഒരിടത്തും പോകാൻ അനുവദിക്കില്ല. നല്ല ഈശ്വരഭക്തിയും പ്രാർത്ഥനയും എളിമയുമുള്ള ആ സ്ത്രീ ജിംസന്റെ ഇഷ്ടത്തിനൊത്ത് പരമാവധി പ്രവർത്തിച്ച് അയാളെ സന്തോഷിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. എത്ര ശ്രമിച്ചിട്ടും അസ്വസ്ഥനാകുമ്പോൾ അയാൾ പൊട്ടിത്തെറിക്കും.

മനസ്സിലേറ്റ അഗാധമായ മുറിവുമായി വിഷമിച്ചുനടക്കുന്ന ഒരു മനുഷ്യനെയാണ് നാമിവിടെ കണ്ടുമുട്ടിയത്. ജീവിതത്തിലുടനീളം ആ ഒരു ചിത്രം മാത്രം മനസിൽ സൂക്ഷിച്ചുകൊണ്ട് പ്രതികാരദാഹത്തിൽ കത്തിയമരുന്ന ജീവിതമാണയാളുടേത്.

അമ്മ വഞ്ചിച്ചു എന്ന തോന്നലിന്റെ പേരിൽ സ്ത്രീ വർഗ്ഗത്തോടുമുഴുവനുള്ള വിദ്വേഷവും വിശ്വാസക്കുറവും ഭാര്യയോടും അമ്മയോടും നിരന്തരം പ്രകടിപ്പിക്കുന്നു. സഹപ്രവർത്തകർക്കുപോലും അത് അനുഭവിക്കേണ്ടിവരുന്നു.

കടുത്ത മാനസിക തകർച്ചയിലേയ്ക്കു നടന്നടുക്കുന്ന അയാളുടെ മനസു തുറക്കാൻ അവസരം ലഭിച്ചപ്പോൾ അയാൾ പൊട്ടിക്കരഞ്ഞു. ശക്തമായ സൈക്കോതെറാപ്പിയിലൂടെ മനസ്സിന്റെ സമനില വീണ്ടെടുത്തുകൊണ്ടിരിക്കുന്നു.

ഭാര്യ വിവേകമതിയും ഈശ്വരവിശ്വാസിയുമായതുകൊണ്ടാണ് തകർച്ചയില്ലാതെ ഇത്രയുംനാൾ ജീവിതം ഇഴഞ്ഞുനീങ്ങിയത് എന്ന കാര്യം ഞാൻ ഓർക്കുന്നു. ആ സ്ത്രീയുടെ പക്വമായ ഇടപെടലില്ലായിരുന്നെങ്കിൽ അയാൾ പണ്ടേ മാനസികരോഗിയോ ക്രിമിനലോ ആയി മാറിയേനെ. ഇത്തരം സന്ദർഭങ്ങളിൽ സമചിത്തതപാലിച്ച് വേണ്ട മനഃശാസ്ത്രസഹായം തേടുകയാണെങ്കിൽ അത്ഭുതാവഹമായ മാറ്റങ്ങൾ കൈവരിക്കാം.

LAITY VOICE

ക്രിസ്തുവിലൂള്ള ജീവിതം

അധികാരത്തിന് അധീനരായവർ തങ്ങളുടെ അധികാരികളെ ദൈവത്തിന്റെ പ്രതിനിധികളായി പരിഗണിക്കണം. പൊതുവും സാമൂഹികവുമായ ജീവിതത്തിന്റെ നല്ല പ്രവർത്തനത്തിനുവേണ്ട ആത്മാർത്ഥമായ സഹകരണം അവർക്ക് നൽകണം.

കഴിഞ്ഞ ലക്കം തുടർച്ച...

ഏതെല്ലാം കടമകളാണ് സമൂഹത്തിന് കുടുംബത്തോടുള്ളത്?

സഹായകതത്ത്വത്തിന്റെ വെളിച്ചത്തിൽ വിവാഹത്തെയും കുടുംബത്തെയും നിലനിറുത്തുവാനും ഉറപ്പിക്കുവാനും സമൂഹത്തിന് കടമയുണ്ട്. വിവാഹത്തിന്റെയും കുടുംബത്തിന്റെയും യഥാർത്ഥസ്വഭാവം, പൊതുധാർമ്മികത, മാതാപിതാക്കളുടെ അവകാശങ്ങൾ, ഗാർഹികമായ ക്ഷേമൈശ്വര്യം എന്നിവ പൊതുഅധികാരികൾ ആദരിക്കുകയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

മാതാപിതാക്കളോടുള്ള മക്കളുടെ കടമകൾ ഏവയാണ്?

മക്കൾക്ക് മാതാപിതാക്കളോട് ബഹുമാനം (മക്കൾക്കടുത്ത ഭക്തി), അംഗീകാരം, വിധേയത്വം, അനുസരണ എന്നിവയുണ്ടായിരിക്കണം. ഒപ്പം സഹോദരീസഹോദരന്മാർ തമ്മിലുള്ള നല്ല ബന്ധങ്ങളും വേണം. കുടുംബജീവിതം മുഴുവന്റെയും താളാത്മകതയുടെയും വിശുദ്ധിയുടെയും വളർച്ചയ്ക്ക് അവർ അങ്ങനെ സംഭാവന ചെയ്യുന്നു. മാതാപിതാക്കൾ ദാരിദ്ര്യം, രോഗം, വാർദ്ധക്യം, ഏകാന്തത എന്നീ അവസ്ഥകളിൽ ആകാനിടയായാൽ മുതിർന്ന മക്കൾ അവർക്ക് ധാർമ്മികവും ഭൗതികവുമായ സഹായം നൽകണം.

മാതാപിതാക്കൾക്ക് മക്കളോടുള്ള കടമകൾ ഏവയാണ്?

ദൈവികപിതൃത്വത്തിൽ പങ്കുചേരുന്ന മാതാപിതാക്കൾ മക്കളുടെ വിദ്യാഭ്യാസത്തിന്റെ ആദ്യത്തെ ഉത്തരവാദികളും വിശ്വാസത്തിന്റെ പ്രഥമ പ്രഘോഷകരുമാണ്. വ്യക്തികളെന്ന നിലയിലും ദൈവത്തിന്റെ മക്കൾ എന്ന നിലയിലും മക്കളെ സ്നേഹിക്കാനും ആദരിക്കാനും മാതാപിതാക്കൾ കടപ്പെട്ടിരിക്കുന്നു. ഉചിതമായ ഒരു വിദ്യാലയം കുട്ടികൾക്കായി തിരഞ്ഞെടുത്തുകൊണ്ടും തൊഴിലിന്റെയും ജീവിതാന്തസിന്റെയും തെരഞ്ഞെടുപ്പുകളിൽ വിവേകപൂർവ്വകമായ ഉപദേശങ്ങളോടെ അവരെ സഹായിച്ചുകൊണ്ടും സാധിക്കുന്നതുപോലെ അവരുടെ ഭൗതികവും ആത്മീയവുമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുവാൻ മാതാപിതാക്കൾക്ക് ഉത്തരവാദിത്വമുണ്ട്. സവിശേഷമായി ക്രിസ്തീയ വിശ്വാസത്തിൽ മക്കളെ വിദ്യാഭ്യാസം ചെയ്യിക്കാനും അവർക്ക് ദൗത്യമുണ്ട്.

എങ്ങനെയാണ് മാതാപിതാക്കൾ തങ്ങളുടെ മക്കളെ ക്രൈസ്തവവിശ്വാസത്തിൽ വിദ്യാഭ്യാസം ചെയ്യിക്കുന്നത്?

മാതൃക, പ്രാർത്ഥന, കുടുംബമതബോധനം, സഭാത്മകജീവിതത്തിലുള്ള പങ്കാളിത്തം എന്നീ മുഖ്യകാര്യങ്ങൾ വഴി.

കുടുംബബന്ധങ്ങൾ പരമമായ നന്മയാണോ?

കുടുംബബന്ധങ്ങൾ സുപ്രധാനങ്ങളാണെങ്കിലും അവ പരമമല്ല. കാരണം യേശുവിനെ സ്നേഹിച്ചുകൊണ്ട് അവിടുത്തെ അനുഗമിക്കുകയാണ് ക്രൈസ്തവന്റെ ആദ്യവിളി. "എന്നെക്കാളധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല. എന്നെക്കാളധികം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്ക് യോഗ്യനല്ല" (മത്താ.10:37). മാതാപിതാക്കൾ സന്തോഷത്തോടെ തങ്ങളുടെ മക്കളെ ഓരോ ജീവിതാന്തസ്സിലും വിശേഷാൽ സന്യാസ-സമർപ്പണജീവിതത്തിലും പൗരോഹിത്യജീവിതത്തിലും യേശുവിനെ അനുഗമിക്കുവാൻ പ്രോത്സാഹിപ്പിക്കണം.

രാഷ്ട്രസമൂഹത്തിന്റെ വ്യത്യസ്ഥ തലങ്ങളിൽ എങ്ങനെയാണ് അധികാരം കൈകാര്യം ചെയ്യേണ്ടത്?

മനുഷ്യന്റെ അടിസ്ഥാന അവകാശങ്ങൾ, മൂല്യങ്ങളുടെ ഒരു ശരിയായ ഹയരാർക്കി, നിയമങ്ങൾ, വിതരണരീതി, സഹായകതത്വം എന്നിവ ആദരിച്ചുകൊണ്ട് എപ്പോഴും ഒരു സേവനമായിട്ടായിരിക്കണം രാഷ്ട്രാധികാരം കൈകാര്യം ചെയ്യുന്നത്. അധികാരം കൈകാര്യം ചെയ്യുന്നതിൽ ഓരോ വ്യക്തിയും സ്വന്തം സമൂഹത്തിന്റെ താല്പര്യങ്ങൾ അന്വേഷിക്കണം. ദൈവത്തെയും മനുഷ്യനെയും ലോകത്തെയും സംബന്ധിക്കുന്ന സത്യത്താൽ സ്വന്തം തീരുമാനങ്ങൾ പ്രചോദിതമാകുകയും വേണം.

രാഷ്ട്രീയാധികാരത്തോടുള്ള പൗരന്മാരുടെ കടമകൾ ഏവ?

അധികാരത്തിന് അധീനരായവർ തങ്ങളുടെ അധികാരികളെ ദൈവത്തിന്റെ പ്രതിനിധികളായി പരിഗണിക്കണം. പൊതുവും സാമൂഹികവുമായ ജീവിതത്തിന്റെ നല്ല പ്രവർത്തനത്തിനുവേണ്ട ആത്മാർത്ഥമായ സഹകരണം അവർക്ക് നൽകണം. അത് ഉൾക്കൊള്ളുന്ന കാര്യങ്ങൾ, മാതൃരാജ്യത്തോടുള്ള സ്നേഹം, രാജ്യത്തിന് സേവനം, വോട്ടുചെയ്യാനുള്ള അവകാശവും കടമയും, നികുതി കൊടുക്കൽ, രാജ്യസംരക്ഷണം, ക്രിയാത്മക വിമർശനത്തിനുള്ള അവകാശം.

(തുടരും)

*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

Published and edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com

SHAIJU.CHACKO7@GMAIL.COM

Private circulation